The Co-operative office for Call & foreigners Guidance at Sultanah

# തൗഹീദും ശിർക്കും
## സംശയങ്ങൾക്ക് മറുപടി

ശൈഖ് സ്വാലിഹ് ബിൻ ഫൗസാൻ

വിവ: മുഹമ്മദ് സകരിയ്യ എൻ.വി.

MALBARI - 269

The Co-operative office for Call & foreigners Guidance at Sultanah
Under the supervision of Ministry of Islamic Affairs and Endowment and Call and Guidance
Tel. 4240077 Fax 4251005 P.O. Box 92675 Riyadh 11663 E-mail: Sultanah22@hotmail.com

# തൗഹീദും ശിർക്കും

## സംശയങ്ങൾക്ക് മറുപടി

**ശൈഖ് സ്വാലിഹ് ബിൻ ഫൗസാൻ**

വിവ: മുഹമ്മദ് സകരിയ്യ എൻ.വി.

---

മക്തബുൽജാലിയാത്ത്, റൗദഃ, റിയാദ്. സ. അറേബ്യ. ഫോൺ :4918051

بيان حقيقة التوحيد الذي جاءت به الرسل

و دحض الشبهات التي أثيرت حولها(مليباري)

فضيلة الشيخ صالح بن فوزان بن عبد الله الفوزان

ترجمة : محمد زكريا

ناشر : المكتب التعاوني للدعوة و الارشاد و توعية الجاليات بحي الروضة الرياض

صف : مكتب لجنة التنسيق للمكاتب التعاونية بالروضة ت ٤٩١٨٠٥١

തൗഹീദും ശിർക്കും - സംശയങ്ങൾക്ക് മറുപടി

ശൈഖ് സ്വാലിഹ് ബിൻ ഫൗസാൻ അൽ ഫൗസാൻ

വിവ: മുഹമ്മദ് സകരിയ്യ എൻ.വി.

ടൈപ്പ്സെറ്റിങ്ങ്: മക്തബ് തൻസീഖ്, റൗദഃ, റിയാദ്.

പ്രസാ: മക്തബുൽജാലിയാത്ത്, റൗദഃ, റിയാദ്.ഫോൺ:4918051

**thouheedum shirkum(malayalam)**

**shaik salih bin fouzan al fouzan.**

**tr: mohammed zakariyya n.v.**

**typset. makthb lajna thanseeg,rowdah.**

**pub: the call&guidence office, rowdah,s.arabia**

**p.b.no.87299 riyadh 11642, tel&fax 4918051.**

# ഉള്ളടക്കം


പേജ്

| | |
|---|---|
| 1- തൗഹീദിന്റെ ഇനങ്ങൾ | 09 |
| 2- ഇബാദത്തിലെ ശിർക്ക് | 24 |
| 3- ശിർക്കും ഇന്നത്തെ മുസ്‌ലിംകളും | 25 |
| 4- പൈതൃകമായി ലഭിച്ച ആചാരങ്ങൾ | 26 |
| 5- പടച്ചവന്റെ വിധിയാണിത് | 31 |
| 6- ലാഇലാഹഇല്ലല്ലാഹ് ചൊല്ലിയാൽ മതി | 36 |
| 7-മുഹമ്മദ് നബിയുടെ ഉമ്മത്തിൽ ശിർക്കോ? | 37 |
| 8- അറേബ്യയിൽ പിശാച് ആരാധ്യനോ | 39 |
| 9- ഞങ്ങൾ ശഫാഅത്തു ചോദിക്കുകയല്ലേ? | 40 |
| 10- മഹാന്മാരെ സ്നേഹിക്കുകയാണ് | 43 |
| 11- വസീലതേടാൻ ഖുർആൻ പറയുന്നു! | 48 |
| 12-ഹദീസിൽ തെളിവുണ്ട്! | 52 |
| 13- കഥകളും സ്വപ്നങ്ങളും | 53 |
| 14- മുറാദുകൾ ഹാസ്വിലാകുന്നു ? | 55 |
| 15- സൂഫികളുടെ വാദം | 56 |
| 16- സമാപനം | 57 |

بسم الله الرحمن الرحيم

സര്‍വ്വസ്തുതിയും ലോകനാഥനായ അല്ലാഹുവിന്നാകുന്നു. അന്തിമ പ്രവാചകന്‍ മുഹമ്മദിനും അന്ത്യനാള്‍വരെ അവിടുത്തെ ചര്യ മുറുകെ പിടിച്ചു ജീവിക്കുന്നവര്‍ക്കും അല്ലാഹുവില്‍നിന്ന് രക്ഷയും സമാധാനവും ഉണ്ടാവട്ടെ.

വിശ്വാസമാണ് എല്ലാ സമൂഹങ്ങളുടേയും നിലനില്‍പ്പിന്‍റെ ആധാരശില. പുരോഗതിയും സംസ്കൃതിയും അവയുടെ വിശ്വാസത്തെയും ചിന്താഗതിയേയും ആശ്രയിച്ചിരിക്കുന്നു. തദ്ഫലമായി വിശ്വാസ സംസ്കരണത്തെ ഉയര്‍ത്തിപ്പിടിച്ചു കൊണ്ടാണ് ദൈവദൂതന്മാര്‍ നിയുക്തരായത്. ഓരോ ദൈവദൂതനും തന്‍റെ ജനങ്ങളോട് ആദ്യമായി ഉണര്‍ത്തുന്നത് ഇങ്ങിനെയാണ്;

يَا قَوْمِ اعْبُدُوا اللّهَ مَا لَكُمْ مِنْ اِلٰهٍ غَيْرُهُ

"എന്‍റെ ജനങ്ങളെ, നിങ്ങള്‍ അല്ലാഹുവെ മാത്രം ആരാധിക്കുക. അവനല്ലാതെ മറ്റൊരു ദൈവവും നിങ്ങള്‍ക്കില്ല." [1]

وَلَقَدْ بَعَثْنَا فِي كُلِّ أُمَّةٍ رَسُولاً أَنْ اعْبُدُوا اللّهَ وَ اجْتَنِبُوا الطَّاغُوتَ

---

1 അഅ്റാഫ് 59

തീർച്ചയായും ഓരോ സമുദായത്തിലും നാം ദൂതനെ നിയോഗിച്ചിട്ടുണ്ട്. നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും ദുർമൂർത്തികളെ വെടിയുകയും ചെയ്യണം (എന്ന് പ്രബോധനം ചെയ്യാൻ വേണ്ടി)[1]

മറ്റൊന്നിനേയും ആരാധിക്കാതെ, അല്ലാഹുവെ മാത്രം ആരാധിക്കുവാൻ വേണ്ടിയാണ് മനുഷ്യനെ അവൻ സൃഷ്ടിച്ചത്. അല്ലാഹു പറയുന്നു:

وَمَا خَلَقْتُ الجِنَّ وَ الاِنْسَ اِلاَّ لِيَعْبُدُونِ

"ജിന്നുകളെയും മനുഷ്യരെയും എന്നെമാത്രം ആരാധിക്കുവാൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല."[2]

തന്റെ ദാസന്മാർക്ക് അല്ലാഹുവോടുള്ള ബാദ്ധ്യത അവനെ മാത്രം ആരാധിക്കുക എന്നതാണ്. ഒരിക്കൽ മുആദ് (റ) നോട് നബി (സ) ചോദിച്ചു. ദാസന് അല്ലാഹുവിനോടുള്ള ബാദ്ധ്യത എന്താണെന്നും അല്ലാഹു ദാസന് വേണ്ടി സ്വയം ഏറ്റെടുത്ത ബാദ്ധ്യത എന്താണെന്നും നിനക്ക് അറിയാമോ ? തുടർന്ന് തിരുമേനി പറഞ്ഞു: അല്ലാഹുവെ മാത്രം ആരാധിക്കുക, അവനോട് മറ്റൊന്നിനേയും പങ്കുചേർക്കാതിരിക്കുക, ഇതത്രെ ദാസന് അല്ലാഹുവേടുള്ള ബാദ്ധ്യത. ഇങ്ങനെ തന്നോട് പങ്കുചേർക്കാതെ ജീവിച്ചവരെ ശിക്ഷിക്കാതിരിക്കുക എന്ന വാഗ്ദത്തമാണ് അല്ലാഹു സ്വയം ഏറ്റെടുത്ത ബദ്ധ്യത.[3]

അല്ലാഹുവിന്റെ ഈ അവകാശം മറ്റേത് കാര്യത്തെക്കാളും പ്രാഥമ്യമർഹിക്കുന്നു. അതിനേക്കാൾ പ്രാധാന്യം നൽകാവുന്ന മറ്റൊരവകാശം ഒരാൾക്കുമില്ല. അല്ലാഹു പറയുന്നു:

---

1 നഹ്ല് : 37

2 ദാരിയാത്ത് : 56

3 ബുഖാരി13/300(ഫത്ഹുൽബാരി), മുസ്ലിം30ഈമാൻ

وَقَضَى رَبُّكَ الاَّ تَعْبُدُوا اِلاَّ اِيَّاهُ وَ بِالْوَالِدَيْنِ اِحْسَانًا

"തന്നെയല്ലാതെ നിങ്ങൾ ആരാധിക്കരുതെന്നും മാതാപിതാക്കൾക്ക് നന്മ ചെയ്യണമെന്നും നിന്റെ രക്ഷിതാവ് വിധിച്ചിരിക്കുന്നു."[1]

قُلْ تَعَالَوْا اَتْلُ مَا حَرَّمَ رَبُّكُمْ عَلَيْكُمْ الاَّ تُشْرِكُوا بِهِ شَيْئًا وَ بِالْوَالِدَيْنِ اِحْسَانًا

"(നബിയേ) പറയുക. നിങ്ങൾ വരൂ ... നിങ്ങളുടെ രക്ഷിതാവ് നിങ്ങളുടെ മേൽ നിഷിദ്ധമാക്കിയത് നിങ്ങൾക്കു ഞാൻ പറഞ്ഞു കേൾപ്പിക്കാം. അവനോട് യാതൊന്നിനെയും നിങ്ങൾ പങ്കുചേർക്കരുത്, മാതാപിതാക്കൾക്ക് നന്മചെയ്യണം[2]..

ബാദ്ധ്യതകളിൽവെച്ച് പ്രഥമവും പ്രധാനവുമായ ബാദ്ധ്യത ഈ കാര്യമാണ്. ഇസ്ലാം മതത്തിലെ വിധിവിലക്കുകളുടെ അടിസ്ഥാന ശിലയുമതാണ്. അത്കൊണ്ട്തന്നെ മുഹമ്മദ് നബി (സ) പതിമൂന്ന് വർഷം ഈ തത്വത്തിലേക്ക് ജനങ്ങളെ ക്ഷണിച്ചുകൊണ്ട് മക്കയിൽ കഴിച്ചുകൂട്ടി. അതിനെ സ്ഥിരീകരിക്കുകയും തദ്സംബന്ധമായ സംശയങ്ങൾ ദൂരീകരിക്കുകയും ചെയ്തുകൊണ്ട് ധാരാളം ഖുർആൻ സൂക്തങ്ങൾ അവതരിച്ചു. നിർബന്ധ-ഐച്ഛിക നമസ്കാരങ്ങൾ നിർവ്വഹിക്കുന്ന ഓരോ മുസ്ലിമും ഈ തത്വത്തിൽ താൻ അടിയുറച്ച് നിലകൊള്ളുമെന്ന് അല്ലാഹുവോട് പ്രതിജ്ഞ ചെയ്യുന്നു. അവൻ പറയുകയാണ് :

اِيَّاكَ نَعْبُدُ وَ اِيَّاكَ نَسْتَعِينُ

"നിന്നെമാത്രം ഞങ്ങൾ ആരാധിക്കുന്നു. നിന്നോട്മാത്രം ഞങ്ങൾ

1 ഇസ്റാഅ്: 23
2 അൻആം :151

സഹായമർത്ഥിക്കുന്നു."[1]

ഈ മഹത്തായ അവകാശമാണ് തൗഹീദുൽ ഉലൂഹിയ്യ (ആരാധ്യനായിരിക്കുക എന്നതിലെ ഏകത്വം) അഥവാ, തൗഹീദുൽ ഇബാദഃ എന്ന് അറിയപ്പെടുന്നത്. ഈ ഏകത്വം അംഗീകരിക്കുന്ന പ്രകൃതിയിലാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടത്. ഓരോ കുഞ്ഞും പിറന്ന് വീഴുന്നത് ഈ പ്രകൃതിയിലാണ്. പിന്നീട് ദുഷിച്ച ശിക്ഷണങ്ങൾവഴി ആ പ്രകൃതി മലിനപ്പെടുന്നു. അങ്ങനെ അവൻെറ മാതാപിതാക്കൾ അവനെ ജൂതനും ക്രിസ്ത്യാനിയും അഗ്നി പൂജകനുമാക്കുകയാണ്[2].

മനുഷ്യരെല്ലാം ഏകദൈവാരാധകരായിരുന്നു. ബഹുദൈവാരാധന പിന്നീട് അവരിലേക്ക് കടന്നുവന്നതാണ്. അല്ലാഹു പറയുന്നു;

كَانَ النَّاسُ أُمَّـةً وَاحِـدَةً فَبَعَثَ اللهُ النَّبِيينَ مُبَشِّرِينَ وَ مُنْذِرِينَ

وَ أَنْزَلَ مَعَهُمُ الكِتَابَ بِالحَقِّ لِيَحْكُمَ بَيْنَ النَاسِ فِيمَا اخْتَلَفُوا فِيهِ

"മനുഷ്യർ ഒരൊറ്റ സമുദായമായിരുന്നു. (അനന്തരം അവർ ഭിന്നിച്ചപ്പോൾ വിശ്വാസികൾക്ക്) സന്തോഷവാർത്ത അറിയിക്കുവാനും (നിഷേധികൾക്ക്) താക്കീത് നൽകുവാനുമായി അല്ലാഹു പ്രവാചകന്മാരെ നിയോഗിച്ചു. അവർ (ജനങ്ങൾ) ഭിന്നിച്ച വിഷയത്തിൽ തീർപ്പ് കൽപിക്കുവാനായി അവരുടെ കൂടെ സത്യവേദവും അവൻ അയച്ചുകൊടുത്തു.

وَمَا كَانَ النَاسُ الاَّ أُمَّةً وَاحِدَةً فَاخْتَلَفُوا...

"മനുഷ്യർ ഒരൊറ്റ സമുദായം മാത്രമായിരുന്നു. എന്നിട്ടവർ

1 ഫാതിഹാ:5
2 മുസ്ലിം 2047

ഭിന്നിച്ചിരിക്കയാണ്". [1]

ഇബ്നു അബ്ബാസ് (റ) പറഞ്ഞു: ആദമിനും നൂഹിനുമിടയിൽ പത്തു നൂറ്റാണ്ടുകളുടെ അന്തരമുണ്ട്. അവർ എല്ലാവരും ഇസ്ലാം മതത്തിൽതന്നെ നിലകൊണ്ടിരിന്നു. [2]

ഇബ്നു അബ്ബാസ് (റ) പറഞ്ഞതാണ് ശരിയായ വീക്ഷണമെന്ന് അല്ലാമാ ഇബ്നു ഖയ്യിം സലക്ഷ്യം രേഖപ്പെടുത്തിയിട്ടുണ്ട്. [3]

ആദ്യമായി നൂഹ്നബി(അ) യുടെ ജനതയിലാണ് ബഹുദൈവാരാധന കടന്നുവന്നുത് സദ്വൃത്തരായ ആളുകളെ പരിധിവിട്ട് ആദരിക്കുകയും അവരിൽ നിയുക്തനായ ദൈവദൂതന്റെ ബോധനങ്ങളെ അവഗണിക്കുകയും ചെയ്തത് നിമിത്തമായിരുന്നു. അല്ലാഹു പറയുന്നു:

وَقَالُوا لَا تَذَرُنَّ آلِهَتَكُمْ وَ لَا تَذَرُنَّ وَدًّا وَلَا سُوَاعًا وَلَا يَغُوثَ وَ يَعُوقَ وَنَسْرًا

"അവർ പറഞ്ഞു: നിങ്ങൾ നിങ്ങളുടെ ദൈവങ്ങളെ ഉപേക്ഷിക്കരുത്. വദ്ദ്, സുവാഅ്, യഗൂദ്, യഊസ്, നസ്റ് എന്നിവരെ നിങ്ങൾ കയ്യൊഴിക്കരുത്." [4]

ഈ സൂക്തത്തിന്റെ വ്യാഖ്യാനമായി ഇബ്നു അബ്ബാസിൽനിന്നും ഇമാം ബുഖാരി ഉദ്ധരിക്കുന്നത് കാണുക: "ഇതെല്ലാം സദ്വൃത്തരായ ഏതാനും ആളുകളുടെ നാമങ്ങളാണ്. അവർ മൃതിയടഞ്ഞപ്പോൾ അവർ പങ്കെടുത്തിരുന്ന സദസ്സുകളിൽ ചില രൂപങ്ങളുണ്ടാക്കി, ആ രൂപങ്ങൾക്ക് അവരുടെ പേരു നൽകണമെന്ന് ജനങ്ങൾക്ക് പിശാച് ബോധനം നൽകി. അവർ അപ്രകാരം ചെയ്തു. അന്നൊന്നും അവർ ആരാധിക്കപ്പെട്ടിരുന്നില്ല.

---

1 യൂനുസ് : 19
2 ഇബ്നു കസീർ 1/250
3 ഇഗാസത്തുല്ലഹ്ഫാൻ 2/200
4 നൂഹ് : 23

പിന്നീട് ഇവരുടെ കാലം കഴിഞ്ഞപ്പോൾ ഇവയെപ്പറ്റി ശരിയായ അറിവില്ലാതെയായി. അങ്ങനെ ഈ രൂപങ്ങളത്രയും ആരാധിക്കപ്പെട്ടു.[1]

ഈ സൂക്തത്തെപ്പറ്റി ഇമാം ഇബ്നു ഖയ്യിം (റ) പറയുന്നതിങ്ങനെയാണ്:

"പൂർവികരായ പല പണ്ഡിതന്മാരും വ്യക്തമാക്കിയപ്പോലെ, അവർ മൃതിയടഞ്ഞപ്പോൾ ജനങ്ങൾ അവരുടെ ഖബറുകൾക്ക് മീതെ ഭജനമിരുന്നു, അവരുടെ പ്രതിരൂപങ്ങളുണ്ടാക്കി. കാലം കഴിഞ്ഞപ്പോൾ ആ രൂപങ്ങൾ എല്ലാം ആരാധ്യവസ്തുക്കളായിത്തീർന്നു." ബഹുദൈവാരാധനയിലെ വൈവിദ്ധ്യത്തിലേക്ക് വിരൽ ചൂണ്ടിക്കൊണ്ട് അദ്ദേഹം തുടരുന്നു:

"മരിച്ചുപോയ മഹാന്മാരെ ആദരിക്കുവാൻ വേണ്ടി അവരുടെ ശില്പങ്ങളുണ്ടാക്കി, അവയെ ആരാധിക്കുവാനാണ് ഒരുവിഭാഗത്തെ പിശാച് പ്രേരിപ്പിക്കുന്നത്. അതാണ് നൂഹ് (അ)ൻെറ ജനതയിൽ സംഭവിച്ചത്. മിക്ക ബഹുദൈവാരാധകരും ഈ ഗണത്തിൽ പെടുന്നു. മറ്റുചിലർ പ്രാപഞ്ചിക വ്യവസ്ഥയിൽ സ്വാധീനമുള്ളവയെന്ന് ആരോപിച്ചുകൊണ്ട് ചില നക്ഷത്രങ്ങളുടെ പ്രതിരൂപങ്ങളുണ്ടാക്കുകയും അവയെ ശ്രീകോവിലിൽ പ്രതിഷ്ഠിച്ചു പൂജാരിമാരെയും സിൽബന്ധികളെയും നിയോഗിക്കുന്നു, അവയ്ക്ക് പ്രത്യേകമായ വഴിപാടുകൾ നിശ്ചയിക്കുന്നു. പുരാതനകാലം തൊട്ട് ഇന്നും ഈ സമ്പ്രദായം നിലനിൽക്കുന്നു. ഇബ്രാഹീം നബി (അ) യുടെ ജനതയിലേക്കാണ് ഇത്തരം ശിർക്കിൻെറ വേരുകൾ ചെന്നെത്തുന്നത്. അവർ പടച്ചുണ്ടാക്കിയ ദൈവങ്ങളെ അദ്ദേഹം കരങ്ങൾ കൊണ്ട് തച്ചുടക്കുകയും, ന്യായ വാദങ്ങളെ തെളിവുകൾകൊണ്ട് പൊട്ടിച്ചെറിയുകയും ചെയ്തു. ബഹുദൈവാരാധനയുടെ പൊള്ളത്തരങ്ങൾ സ്ഥാപിക്കാൻ

1 ബുഖിരി 6/133(ഫത്ഹുൽബാരി)

വാദപ്രതിവാദം നടത്തി. അപ്പോൾ അദ്ദേഹത്തെ ചുട്ടുകൊല്ലാനവർ തുനിഞ്ഞു!

മറ്റു ചിലർ ചന്ദ്രൻെറ പ്രതിമയുണ്ടാക്കി അതിനെ ആരാധിക്കുന്നു. ഭൂലോകത്തെ നിയന്ത്രിക്കുന്ന ശക്തിയാണത് എന്നവർ വിശ്വസിക്കുന്നു. വേറെ ചിലർ - മജൂസികൾ - അഗ്നിയെ പൂജിക്കുന്നു. അതിനുവേണ്ടി കണക്കറ്റ മന്ദിരങ്ങൾ പണിതീർക്കുന്നു. സേവകൻമാരെയും പൂജാരിമാരെയും നിശ്ചയിക്കുന്നു. ഒരു നിമിഷനേരം പോലും അണഞ്ഞുപോകാതെ അഗ്നി മന്ദിരങ്ങൾ കാത്തുസൂക്ഷിക്കുന്നു. മറ്റുചിലർ ആരാധിക്കുന്നത് വെള്ളത്തെയാണ്. അഖിലത്തിൻെറയും ജനനവും വളർച്ചയും നിർമ്മിതിയും ശുദ്ധീകരണവും വെള്ളത്താൽ ഭവിക്കുന്നു എന്നവർ വാദിക്കുന്നു.

ചിലർ കുതിര, പശു മുതലായ മൃഗങ്ങളെയാണ് ആരാധിക്കുന്നത്. ജീവിക്കുന്ന മനുഷ്യനെയും മൃതിയടഞ്ഞ വ്യക്തിയെയും ആരാധിക്കുന്നു ചിലർ. ജിന്ന്, മാലാഖ, വൃക്ഷങ്ങൾ തുടങ്ങിയവയെയും ആരാധിക്കുന്നവരുണ്ട്. ഇങ്ങനെ എല്ലാ സമുദായങ്ങളിലെ ബഹുദൈവാരാധകരെയും ബിംബാരാധനകൊണ്ട് പിശാച് അമ്മാനമാടിയിട്ടുണ്ട്"[1].

നൂഹ് നബി(അ)യുടെ ജനതയിൽ ബഹുദൈവാരാധന കടന്നുവന്നതിനെക്കുറിച്ച് നേരത്തെ ഉദ്ധരിക്കപ്പെട്ട ഇബ്നു അബ്ബാസ് (റ) ൻെറ പ്രസ്താവനയിൽനിന്നും ഏതാനും കാര്യങ്ങൾ വ്യക്തമാകുന്നുണ്ട്.

1 - പൊതുവേദികളിലും മൈതാനങ്ങളിലും പ്രതിമകൾ സ്ഥാപിക്കുന്നതും ചുമരുകളിൽ ചിത്രങ്ങൾ തൂക്കിയിടുന്നതും അപകടകരമായ പ്രവണതയാണ്. കാരണം അവയോടുള്ള ആദരവ് കാലാന്തരത്തിൽ അവ പൂജിക്കപ്പെടാൻ കാരണമായേക്കും.

1 ഇഗാസത്തുല്ലഹ്ഫാൻ 2/218,219. 229-233

അവയ്ക്ക് ഉപകാരമോ ഉപദ്രവമോ വരുത്താൻ സിദ്ധിയുണ്ടെന്ന വിശ്വാസമുണ്ടാക്കും. അങ്ങനെ അവ ജനങ്ങളെ ബഹുദൈവാരാധനയിലേക്ക് വഴിനടത്തുന്ന മാധ്യമങ്ങളായിത്തീരും. നൂഹ്(അ) ൻെറ ജനതയിലുണ്ടായതിതാണ്.

2 - മനുഷ്യനെ ദുർമാർഗത്തിൽ ചാടിക്കാനുള്ള പിശാചിൻെറ താല്പര്യവും അതിനുവേണ്ടി അവൻ ഒരുക്കുന്ന കുതന്ത്രങ്ങളും അതിവിപുലമാണ്. മാനുഷികമായ വികാരങ്ങളെ ചൂഷണം ചെയ്തുകൊണ്ടും, നന്മയാണിതെന്ന തോന്നലുണ്ടാക്കിക്കൊണ്ടുമാണ് ചിലപ്പോഴവൻ കടന്നുവരുന്നത്. നൂഹ് (അ) ൻെറ ജനത സദ്വൃത്തന്മാരോട് അളവറ്റ സ്നേഹവും ബഹുമാനവുമുള്ളവരാണെന്ന് കണ്ടപ്പോൾ പരിധിവിട്ട സ്നേഹത്തിലേക്ക് അവരെ നയിക്കുകയാണ് പിശാച് ചെയ്തത്. അങ്ങനെ പൊതുവേദികളിൽ അവരുടെ ശിൽപങ്ങൾ സ്ഥാപിക്കുവാൻ പ്രേരിപ്പിച്ചു. അവൻെറ ലക്ഷ്യമാകട്ടെ, സത്യപാതയിൽ നിന്നുമവരെ പുറത്തു ചാടിക്കുക മാത്രമായിരുന്നു.

3 - ജീവിക്കുന്ന തലമുറയെ വഴിപിഴപ്പിക്കുവാൻ മാത്രമല്ല, വരാനിരിക്കുന്ന ഭാവി തലമുറയെക്കൂടി ലക്ഷ്യമിട്ടുകൊണ്ടാണ് പിശാച് കെണിയൊരുക്കുക. ജീവിക്കുന്ന തലമുറയെ ബഹുദൈവാരാധനയിൽ വീഴ്ത്താൻ സാധിക്കാതെ വന്നപ്പോൾ ഭാവിതലമുറയെ മുന്നിൽ കണ്ടുകൊണ്ട് കരുക്കൾ നീക്കിയതാണ് നൂഹ് (അ) ൻെറ ജനതയിൽ നമ്മൾ കണ്ടത്.

4 - തിന്മയുടെ മാധ്യമങ്ങളെ നിസ്സാരമായി അവഗണിക്കാൻ പാടില്ല. അവയുമായുള്ള ബന്ധം വിച്ഛേദിക്കണം. അവ കടന്നു വരുന്ന കവാടങ്ങളെ നിശ്ശേഷം കൊട്ടിയടക്കണം.

5 - കർമ നിരതരായ പണ്ഡിതന്മാരുടെ സാന്നിദ്ധ്യം ജനങ്ങൾക്ക് ഏറെ ഗുണകരമാണ്. അവരുടെ അസാന്നിദ്ധ്യത്തിൽ മാത്രമേ ജനങ്ങളെ ഒന്നടങ്കം വഴിതെറ്റിക്കുവാൻ പിശാചിന്

സാധിക്കുകയുള്ളൂ.

## തൗഹീദിൻെറ ഇനങ്ങൾ

ഇസ്ലാമിലെ ഏകദൈവ സിദ്ധാന്തം (തൗഹീദ്) രണ്ടു വശങ്ങൾ ഉൾക്കൊള്ളുന്നു.

ഒന്ന് തൗഹീദു റുബൂബിയ്യ:[1]

അല്ലാഹു മാത്രമാണ് സ്രഷ്ടാവ് എന്ന് സമ്മതിക്കുക. അതോടൊപ്പം സൃഷ്ടിക്കുക, നിയന്ത്രിക്കുക, ജീവിപ്പിക്കുക, മരിപ്പിക്കുക, നന്മവരുത്തുക, തിന്മതടയുക എന്നിവയെല്ലാം അവനിൽമാത്രം നിക്ഷിപ്തമായ കാര്യങ്ങളാണ് എന്ന് വിശ്വസിക്കുകയും അംഗീകരിക്കുകയും ചെയ്യുക. ഇതാണ് തൗഹീദു റുബൂബിയ്യയുടെ വിവക്ഷ.

ഈ കാര്യത്തിൽ ഒരു സമുദായവും തർക്കമുന്നയിച്ചിട്ടില്ല. മക്കയിലെ ബഹു ദൈവാരാധകർ പോലും ഇതൊന്നും നിഷേധിച്ചിട്ടില്ല. അവർ ബഹുദൈവാരാധകരായിരിക്കെ തന്നെ അംഗീകരിച്ച കാര്യമാണിത്. ഖർആൻ പറയുന്നത് നോക്കുക:

قُلْ مَنْ يَرْزُقُكُمْ مِنَ السَّمَاءِ وَ الأَرْضِ أَمَّنْ يَمْلِكُ السَّمْعَ وَ الأَبْصَارَ وَمَنْ يُخْرِجُ الْحَيَّ مِنَ الْمَيِّتِ وَ يُخْرِجُ الْمَيِّتَ مِنَ الْحَيِّ وَمَنْ يُدَبِّرُ الأَمْرَ فَسَيَقُولُونَ اللَّهُ فَقُلْ أَفَلاَ تَتَّقُونَ.

"പറയുക : ആകാശത്തുനിന്നും ഭൂമിയിൽനിന്നും നിങ്ങൾക്ക് ആഹാരം നൽകുന്നത് ആരാണ് ? അതല്ലെങ്കിൽ കേൾവിയും കാഴ്ചയും അധീനപ്പെടുത്തുന്നത് ആരാണ്? ജീവനില്ലാത്തതിൽനിന്നും ജീവനുള്ളതും, ജീവനുള്ളതിൽനിന്ന്

1 ഇതിനെ രക്ഷാകർതൃത്വത്തിലെ ഏകത്വം എന്ന് സാമാന്യമായി ഭാഷാന്തരം ചെയ്യാം.

ജീവനില്ലാത്തതും പുറപ്പെടുവിക്കുന്നതും ആരാണ് ? കാര്യങ്ങൾ നിയന്ത്രിക്കുന്നവൻ ആരാണ് ? അവർ പറയും; അല്ലാഹു എന്ന്. അപ്പോൾ പറയുക എന്നിട്ട് നിങ്ങൾ സൂക്ഷ്മത പാലിക്കുന്നില്ലേ ?"[1]

ഇതുപോലുള്ള നിരവധി ഖുർആൻ സൂക്തങ്ങൾ കാണാം. അവയെല്ലാം രക്ഷാകർതൃത്വത്തിലെ അല്ലാഹുവിൻെറ ഏകത്വം ബഹുദൈവാരാധകർ അംഗീകരിച്ചിരുന്നുവെന്ന് വ്യക്തമായി വിശദീകരിക്കുന്നു. അവർ അംഗീകരിക്കാൻ വിസമ്മതിച്ചത് തൗഹീദിൻെറ രണ്ടാമത്തെ വശമാണ്.

<u>രണ്ട്: തൗഹീദുൽ ഉലൂഹിയ്യ</u>[2]

അഥവാ അല്ലാഹുവെ മാത്രം ആരാധിക്കുക എന്ന തത്വം. മനുഷ്യർ ആരാധനാ ഭാവത്തോടെ ചെയ്യുന്ന എല്ലാ കർമങ്ങളും അല്ലാഹുവെ മാത്രം ലക്ഷ്യം വെച്ചുകൊണ്ടുള്ളതും അവനോട് മാത്രമുള്ള അർഥനയുമാകണം എന്നതത്രെ ഈ തത്വത്തിൻെറ പൊരുൾ. അതറിയിക്കുന്ന അറബി വാക്യമാണ് 'ലാ ഇലാഹ ഇല്ലല്ലാഹ്' (ഒരു ദൈവവുമില്ല, ആല്ലാഹുവല്ലാതെ.) ആരാധനയുടെ എല്ലാ ഇനങ്ങളും അല്ലാഹുവിൽ മാത്രം സ്ഥിരീകരിക്കുകയും, അവനല്ലാത്ത മറ്റെല്ലാത്തിൽനിന്നും അതിനെ നിഷേധിക്കുകയും ചെയ്യുന്ന വാക്യമാണിത്. ഈ വാക്യം പ്രഖ്യാപിക്കാൻ മുഹമ്മദ് നബി (സ) മക്കയിലെ ബഹുദൈവാരാധകരോട് ആവശ്യപ്പെട്ടപ്പോൾ അവർ കൂട്ടാക്കിയില്ല. ആവർ ചോദിച്ചു:

أَجَعَلَ الآلِهَةَ إِلَهًا وَاحِدًا إِنَّ هَذَا لَشَيْءٌ عُجَابٌ

"ഇവൻ ദൈവങ്ങളെ ഒരൊറ്റ ദൈവമാക്കിയിരിക്കയാണോ ?

---

1 യൂനുസ് : 31

2 ഇതിനെ ആരാധ്യനിയിരിക്കുക എന്നതിലെ അല്ലാഹുവിൻെറ ഏകത്വമെന്ന് സാമാന്യമായി ഭാഷാന്തരം ചെയ്യാം

തീർച്ചയായും ഇത് ഒരദ്ഭുതകരമായ കാര്യം തന്നെ ! "[1].

കാരണം 'ലാ ഇലാഹ ഇല്ലല്ലാഹ' (ഒരു ദൈവവുമില്ല അല്ലാഹുവല്ലാതെ) എന്നു പ്രഖ്യാപിക്കുന്നതോടെ ആരാധന അല്ലാഹുവിനു മാത്രമാണെന്നും അവനല്ലാത്തവർക്കുള്ള ആരാധന നിരർത്ഥകമാണെന്നും തങ്ങൾ സമ്മതിക്കുകയാണ് ചെയ്യുന്നതെന്ന് അവർ മനസ്സിലാക്കിയിരുന്നു. ദൈവം (ഇലാഹ്) എന്നാൽ ആരാധിക്കപ്പെടുന്നത് എന്നാണല്ലോ വിവക്ഷ. (അല്ലാഹു ഇഷ്ടപ്പെടുകയും തൃപ്തിപ്പെടുകയും ചെയ്യുന്ന ബാഹ്യവും ആന്തരികവുമായ എല്ലാ വാക്കുകളെയും പ്രവർത്തികളെയും ഉൾക്കൊള്ളുന്ന ഒരു സംജ്ഞയാണ് ആരാധന .)[2] ആപ്പോൾ ഒരു ദൈവവുമില്ല, ആല്ലാഹുവല്ലാതെ എന്നു പ്രഖ്യാപിച്ചശേഷം അല്ലാഹു അല്ലാത്തവരോട് പ്രാർത്ഥിക്കുന്നത് തന്റെ പ്രഖ്യാപനത്തിന് വിരുദ്ധം പ്രവർത്തിക്കലാവും.

രക്ഷാകർതൃത്വത്തിലെ ഏകത്വവും (തൗഹീദു റുബൂബിയ്യ) ആരാധ്യനായിരിക്കുക എന്നതിലെ ഏകത്വവും (തൗഹീദുൽ ഉലൂഹിയ്യ) പരസ്പര പൂരകങ്ങളാണ്. ഒന്നാമത്തെത് അംഗീകരിച്ചവൻ രണ്ടാമത്തെത് സമ്മതിക്കാൻ ബാദ്ധ്യസ്ഥനാണ്. (അതായത് ഏകനായ പ്രപഞ്ചനാഥന്റെ രക്ഷാകർതൃത്വം അംഗീകരിക്കുന്നവൻ ആരാധിക്കപ്പെടാൻ അവനല്ലാതെ മറ്റൊന്നിനും അർഹതയില്ലെന്ന് സമ്മതിക്കേണ്ടതാണ്-വിവ.). പ്രത്യക്ഷമായും പരോക്ഷമായും ഈ കാര്യത്തിൽ അടിയുറച്ചു നിൽക്കാൻ അവൻ കടപ്പെട്ടിരിക്കുന്നു. ഈ അടിസ്ഥാനത്തിലാണ് അല്ലാഹുവെ മാത്രമെ ആരാധിക്കാവൂ എന്ന് സ്വന്തം സമുദായത്തോട് ആവശ്യപ്പെട്ടപ്പോഴെല്ലാം, അതിന്റെ പ്രമാണമായി അവർ അംഗീകരിച്ചിരുന്ന തൗഹീദു റുബൂബിയ്യ: ദൈവദൂതന്മാർ ചൂണ്ടിക്കാണിച്ചത്. അല്ലാഹു പറയുന്നു:

---

1 സ്വാദ് : 5

2 ഇവിടെ "ആരാധന" കൊണ്ട് ഉദ്ദേശിക്കുന്നത് അല്ലാഹുവിങ്കൽ സ്വീകാര്യമായ ആരാധനയാണ്. والله أعلم (വിവ)

ذَلِكُمُ اللّهُ رَبُّكُمْ لاَ اِلَهَ اِلاّ هُوَ خَالِقُ كُلِّ شَيْءٍ فَاعْبُدُوهُ وَهُوَ عَلَى كُلِّ شَيْءٍ وَكِيلٌ

"അങ്ങനെയുള്ളവനാണ്‌ നിങ്ങളുടെ രക്ഷിതാവായ അല്ലാഹു. അവനല്ലാതെ ഒരു ദൈവവുമില്ല. എല്ലാ വസ്‌തുക്കളുടെയും സ്രഷ്‌ടാവാണവൻ. അതിനാൽ അവനെ നിങ്ങൾ ആരാധിക്കുക. അവൻ സകല കാര്യങ്ങളുടെയും കൈകാര്യക്കാരനാകുന്നു."[1]

وَلَئِنْ سَأَلْتَهُمْ مَنْ خَلَقَ السَّموَاتِ وَ الاَرْضَ لَيَقُولُنَّ اللّهُ قُلْ اَفَرَاَيْتُمْ مَا تَدْعُونَ مِنْ دُونِ اللّهِ اِنْ اَرَادَنِيَ اللّهُ بِضُرٍّ هَلْ هُنَّ كَاشِفَاتُ ضُرِّهِ اَوْ اَرَادَنِي بِرَحْمَةٍ هَلْ هُنَّ مُمْسِكَاتُ رَحْمَتِهِ . قل حسبي الله عليه يتوكل المتوكلون.

"ആകാശങ്ങളും ഭൂമിയും സൃഷ്‌ടിച്ചത്‌ ആരാണെന്ന്‌ നീ അവരോട്‌ ചോദിക്കുന്ന പക്ഷം തീർച്ചയായും അവർ പറയും; അല്ലാഹു എന്ന്‌. നീ പറയുക, എങ്കിൽ അല്ലാഹുവിനു പുറമെ നിങ്ങൾ വിളിച്ചു പ്രാർത്ഥിക്കുന്നവയെ പറ്റി നിങ്ങൾ ചിന്തിച്ചു നോക്കിയിട്ടുണ്ടോ? എനിക്ക്‌ വല്ല ഉപദ്രവവും വരുത്താൻ അല്ലാഹു ഉദ്ദേശിച്ചിട്ടുണ്ടെങ്കിൽ അവയ്‌ക്ക്‌ അവൻെറ ഉപദ്രവം നീക്കം ചെയ്യാനാവുമോ? അല്ലെങ്കിൽ അവൻ എനിക്ക്‌ വല്ല അനുഗ്രഹവും ചെയ്യാനുദ്ദേശിച്ചാൽ അവയ്‌ക്ക്‌ അവൻെറ അനുഗ്രഹം പിടിച്ചു വെക്കാനാവുമോ? പറയുക! എനിക്ക്‌ അല്ലാഹു മതി. അവൻെറ മേലാകുന്നു ഭരമേൽപിക്കുന്നവൻ ഭരമേൽപിക്കുന്നത്‌."[2]

ചുരുക്കത്തിൽ അല്ലാഹുവിൻെറ രക്ഷാകർതൃത്വത്തിലെ ഏകത്വം പ്രകൃത്യാ മനുഷ്യൻ അംഗീകരിക്കുന്നു. ബഹുദൈവാരാധകർ തന്നെ അതിൽ തർക്കിച്ചിട്ടില്ല. പ്രപഞ്ചം സ്വയംഭൂവാണെന്ന്‌ വാദിക്കുന്ന നാസ്‌തികരായ ഭൗതിക

1 അൻആം : 102
2 സുമർ : 38

വാദികളല്ലാതെ ലോകത്ത് ഒരു സമുദായവും ഈ പരമാർത്ഥം നിഷേധിച്ചിട്ടില്ല. അവരെപ്പറ്റി അല്ലാഹു പറയുന്നതിങ്ങനെയാണ്.

وَ قَالُوا مَا هِيَ اِلاَّ حَيَاتُنَا الدُنْيَا نَمُوتُ وَ نَحْيَا وَمَا يُهْلِكُنَا اِلاَّ الدَهْرُ

"അവർ പറഞ്ഞു; ജീവിതമെന്നാൽ നമ്മുടെ ഐഹിക ജീവിതം മാത്രമാകുന്നു. നാം മരിക്കുന്നു, നാം ജീവിക്കുന്നു. നമ്മെ നശിപ്പിക്കുന്നത് കാലം മാത്രമാകുന്നു."[1]
തുടർന്ന് അല്ലാഹുവിന്റെ മറുപടിയിതാണ്;

وَمَا لَهُمْ بِذَلِكَ مِنْ عِلْمٍ اِنْ هُمْ اِلاَّ يَظُنُّونَ

"(വാസ്തവത്തിൽ) അവർക്ക് അതിനെപ്പറ്റി യാതൊരു അറിവും ഇല്ല. അവർ ഊഹിക്കുക മാത്രമാകുന്നു."[2]

അതായത് ഖണ്ഡിതമായ രേഖയുടെ വെളിച്ചത്തിൽ പടുത്തുയർത്തിയതല്ല അവരുടെ നിഷേധം. മറിച്ചു, കേവലം ഊഹാധിഷ്ഠിതമായ സിദ്ധാന്തങ്ങൾ മാത്രമാണ് അവർക്ക് അവലംബം. സത്യത്തിന്റെ മുൻപിൽ ഊഹത്തിന് നിലനിൽപ്പില്ല. മാത്രമല്ല അല്ലാഹുവിന്റെ ഈ ചോദ്യങ്ങൾക്ക് മുറുപടി പറയാൻ അവർക്ക് ആവില്ല.

اَمْ خُلِقُوا مِنْ غَيْرِ شَيْءٍ اَمْ هُمُ الْخَالِقُونَ اَمْ خَلَقُواالسَّمَوَاتِ وَالاَرْضَ بَلْ لاَ يُوقِنُونَ

"ഒരു വസ്തുവിൽനിന്നുമല്ലാതെ അവർ സൃഷ്ടിക്കപ്പെട്ടിരിക്കയാണോ? അതല്ല, അവർ തന്നെയാണോ സ്രഷ്ടാക്കൾ? അതല്ല, അവരാണോ ആകാശവും ഭൂമിയും സൃഷ്ടിച്ചിരിക്കുന്നത്? അവർ ദൃഢമായി വിശ്വസിക്കുന്നില്ല."[3]

---

1 ജാസിയ : 24
2 ജാസിയ : 24
3 തൂർ : 35,36

هَذَا خَلْقُ اللَّهِ فَأَرُونِي مَاذَا خَلَقَ الَّذِينَ مِنْ دُونِهِ

"ഇതൊക്കെ അല്ലാഹുവിൻെറ സൃഷ്ടിയാകുന്നു. എന്നാൽ അവനു പുറമെയുള്ളവർ സൃഷ്ടിച്ചിട്ടുള്ളത് എന്താണെന്ന് എനിക്ക് കാണിച്ചുതരൂ."[1]

قُلْ أَرَأَيْتُمْ مَا تَدْعُونَ مِنْ دُونِ اللَّهِ أَرُونِي مَاذَا خَلَقُوا مِنَ الْأَرْضِ أَمْ لَهُمْ شِرْكٌ فِي السَّمَوَاتِ.

"(നബിയേ) നീപറയുക, അല്ലാഹുവിനു പറമെ നിങ്ങൾ വിളിച്ചു പ്രാർത്ഥിക്കുന്നതിനെപ്പറ്റി നിങ്ങൾ ചിന്തിച്ചുനോക്കിയിട്ടുണ്ടോ? ഭൂമിയിൽ അവർ എന്താണ് സൃഷ്ടിച്ചിട്ടുള്ളതെന്ന് നിങ്ങൾ എനിക്ക് കാണിച്ചുതരൂ. അതല്ല, ആകാശങ്ങളുടെ സൃഷ്ടിപ്പിൽ വല്ല പങ്കും അവർക്കുണ്ടോ?"[2]

ഫിർഔനിനെ പോലെയുള്ളവർ രക്ഷാകർതൃത്വത്തിലെ ഏകത്വം നിഷേധിക്കുന്നതായി നടിച്ചിട്ടുണ്ടെങ്കിൽതന്നെ ഉള്ളിൽ അവർ അത് അംഗീകരിച്ചിരുന്നു. ഫിർഔനിനെപ്പറ്റി അല്ലാഹു പറയുന്നു:

لَقَدْ عَلِمْتَ مَا أَنْزَلَ هَؤُلَاءِ إِلَّا رَبُّ السَّمَوَاتِ وَ الْأَرْضِ....

"ഇവ ഇറക്കിയത് ആകാശങ്ങളുടെയും ഭൂമിയുടെയും രക്ഷിതാവ് തന്നെയാണെന്ന് തീർച്ചയായും നീ മനസ്സിലാക്കിയിട്ടുണ്ട്."[3]

---

1 ലുഖ്മാൻ : 11
2 അഹ്ഖാഫ് : 4
3 ഇസ്റാഅ് : 102

ഫിർഔനിന്റെ അനുയായികളുടെ അവസ്ഥയും മറിച്ചായിരുന്നില്ല. അവരെപ്പറ്റി അല്ലാഹു പറഞ്ഞു:

وَ جَحَدُوا بِهَا وَ اسْتَيْقَنَتْهَا أَنْفُسُهُمْ ظُلْمًا وَ عُلُوًّا

"അവയെപ്പറ്റി അവരുടെ മനസ്സുകൾക്ക് ദൃഢമായ ബോദ്ധ്യം വന്നിട്ടും അക്രമവും അഹങ്കാരവും നിമിത്തം അവരതിനെ നിഷേധിച്ചു കളഞ്ഞു.[1]

മാത്രമല്ല പൂർവ്വ സമുദായങ്ങളുടെ നിഷേധത്തെപ്പറ്റി അല്ലാഹു പറയുന്നത് നോക്കുക;

وَ عَادًا وَ ثَمُودَ وَقَدْ تَبَيَّنَ لَكُمْ مِنْ مَسَاكِنِهِمْ وَ زَيَّنَ لَهُمُ الشَّيْطَانُ أَعْمَالَهُمْ فَصَدَّهُمْ عَنِ السَّبِيلِ وَكَانُوا مُسْتَبْصِرِينَ

"ആദ്, ഥമൂദ് സമുദാങ്ങളെയും (നാം നശിപ്പിച്ചു). അവരുടെ വാസസ്ഥലങ്ങളിൽ നിന്ന് നിങ്ങൾക്കത് വ്യക്തമായി മനസ്സിലായിട്ടുണ്ട്. പിശാച് അവർക്ക് അവരുടെ പ്രവർത്തനങ്ങൾ ഭംഗിയായി തോന്നിക്കുകയും അവരെ ശരിയായമാർഗത്തിൽനിന്ന് തടയുകയും ചെയ്തു. അവർ കണ്ടറിയുവാൻ കഴിവുള്ളവരായിരുന്നു.[2]

ചുരുക്കത്തിൽ തൗഹീദിന്റെ ഈ വശം ഒരു സമുദായവും നിഷേധിച്ചിട്ടില്ല. മാത്രമല്ല, ഈ വശത്തിൽ മിക്കവാറും ശിർക്കും ഉണ്ടായിട്ടില്ല. എല്ലാവരും അല്ലാഹു മാത്രമാണ് സ്രഷ്ടാവെന്നും അവൻ മാത്രമാണ് പ്രപഞ്ചത്തിന്റെ നിയന്താവെന്നും അംഗീകരിച്ചിരുന്നു. തുല്യ കഴിവുകളും ഗുണ വിശേഷങ്ങളുമുള്ള രണ്ടു സ്രഷ്ടാക്കളെ സങ്കൽപിക്കുന്ന ഒരംഗീകൃത സമൂഹം

---

1 നംല് : 14

2 അൻകബൂത്ത് : 38

ഉണ്ടായിട്ടില്ല. വെളിച്ചമെന്ന നന്മയുടെ സ്രഷ്ടാവ്, ഇരുട്ടെന്ന തിന്മയുടെ സ്രഷ്ടാവ് എന്നിങ്ങനെ രണ്ട് സ്രഷ്ടാക്കളെ സങ്കൽപിക്കുന്നവരാണ് അഗ്നിയാരാധകർ. പക്ഷെ, വെളിച്ചമാണ് അവരുടെ സങ്കൽപത്തിൽ മികച്ചതും മൗലികവും. ഇരുട്ട് പിന്നീട് ഉണ്ടായതാണ്. അഥവാ, വെളിച്ചത്തിനു തുല്യമായി ഇരുട്ടിനെ അവർ കാണുന്നില്ല. ത്രിത്വവാദികളായ കൃസ്ത്യാനികളും സ്വതന്ത്രാസ്തിത്വമുള്ള മൂന്ന് പ്രപഞ്ചനാഥന്മാരുണ്ടെന്ന് സങ്കൽപിക്കുന്നില്ല. ലോകനാഥൻ ഏകനാണെന്ന് അവരും അംഗീകരിക്കുന്നു. പിതാവാണ് ഏറ്റവും വലിയ ദൈവമെന്നാണവർ പറയുന്നത്.

അതെ, തൗഹീദിന്റെ ഒന്നാമത്തെ വശമായ രക്ഷാകർതൃത്വത്തിലെ ഏകത്വ (തൗഹീദു റുബൂബിയ്യ:) കാര്യത്തിൽ ഭിന്നതയല്ല, യോജിപ്പാണ് എല്ലാ സമുദായത്തിലും കാണുന്നത്. വിരളമായി മാത്രമേ ഈ വശത്തിൽ പ്രപഞ്ചനാഥന് പങ്കാളികൾ ഉണ്ടെന്ന സങ്കൽപമുണ്ടായിട്ടുള്ളൂ.

എന്നാൽ ഈ വശം അംഗീകരിക്കുന്നത്കൊണ്ട് മാത്രം ഒരാൾ ഇസ്ലാമിൽ പ്രവേശിക്കുന്നില്ല. അതോടൊപ്പം അതിന്റെ അനിവാര്യ താൽപര്യമായ അല്ലാഹു മാത്രമേ ആരാധ്യനായിരിക്കാവൂ എന്ന വശം കൂടി പ്രാവർത്തികമാക്കണം. ദൈവധിക്കാരികളായ ജനതകളെല്ലാം, പ്രത്യേകിച്ച് അന്തിമപ്രവാചകൻ നിയുക്തനായ മക്കയിലെ ബഹുദൈവാരാധകർ തൗഹീദിന്റെ ഒന്നാമത്തെ വശം അംഗീകരിച്ചിരുന്നു. പക്ഷെ, അല്ലാഹുവെ മാത്രമേ ആരാധിക്കാവൂ എന്ന വശം സമ്മതിക്കാൻ അവർ കൂട്ടാക്കിയില്ല. അതിനാൽ അവർ മുസ്ലിംകൾ ആയില്ല. ആരാധ്യനായിരിക്കുക എന്നതിലെ അല്ലാഹുവിന്റെ ഏകത്വത്തിലേക്ക് ഖുർആൻ ക്ഷണിക്കുന്നത് തന്നെ രക്ഷാകർതൃത്വത്തിലെ ഏകത്വം ചൂണ്ടിക്കാണിച്ചുകൊണ്ടാണ്. അഥവാ തങ്ങൾ സമ്മതിച്ച വസ്തുതയുടെ വെളിച്ചത്തിൽത്തന്നെ നിഷേധിക്കുന്ന കാര്യം

അംഗീകരിക്കണം എന്നാണ് ബഹുദൈവാരാധകരോട് ഖുർആൻ ആവശ്യപ്പെടുന്നത്. അതെ, അല്ലാഹുവെ മാത്രം ആരാധിക്കണമെന്ന് ഖുർആൻ കൽപിക്കുമ്പോൾ അല്ലാഹു മാത്രമാണ് പ്രപഞ്ചനാഥനെന്നത് അവർ അംഗീകരിച്ചതാണെന്ന് അറിയിപ്പു നൽകുകയാണ്. അല്ലാഹുവെ മാത്രം ആരാധിക്കുക എന്നത് ആവശ്യപ്പെടുന്ന ശൈലിയിൽ പറയുമ്പോൾ രക്ഷാകർതൃത്വത്തിലെ ഏകത്വം വൃത്താന്ത വിവരണത്തിൻെറ ശൈലിയിലാണ് .

കല്പനാ ശൈലിയിലുള്ള പ്രഥമ ഖുർആനിക സൂക്തം തന്നെ നോക്കുക:

يَا أَيُّهَا النَاسُ اعْبُدُوا رَبَّكُمُ الَذِي خَلَقَكُمْ وَ الَذِينَ مِنْ قَبْلِكُمْ لَعَلَّكُمْ تَتَّقُونَ . الَذِي جَعَلَ لَكُمُ الأَرْضَ فِرَاشًا وَ السَّمَاءَ بِنَاءً وَ أَنْزَلَ مِنَ السَّمَاءِ مَاءً فَأَخْرَجَ بِهِ مِنَ الثَمَرَاتِ رِزْقًا لَكُمْ فَلاَ تَجْعَلُوا لِلَّهِ أَنْدَادًا وَ أَنْتُمْ تَعْلَمُونَ.

"ജനങ്ങളെ നിങ്ങളെയും നിങ്ങളുടെ മുൻഗാമികളെയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുവിൻ; നിങ്ങൾ സൂക്ഷ്മതയോടെ ജീവിക്കുവാൻ വേണ്ടിയത്രേ അത്. നിങ്ങൾക്ക് വേണ്ടി ഭൂമിയെ മെത്തയായും ആകാശത്തെ മേൽപുരയുമാക്കിത്തരികയും ആകാശത്തുനിന്ന് വെള്ളം ചൊരിഞ്ഞു തന്നിട്ട് അതുമുഖേന നിങ്ങൾക്ക് ഭക്ഷിക്കുവാനുള്ള കായ്കനികൾ ഉല്പാദിപ്പിച്ചു തരികയും ചെയ്ത (നാഥനെ). അതിനാൽ (ഇതെല്ലാം) അറിഞ്ഞുകൊണ്ട് നിങ്ങൾ അല്ലാഹുവിന് സമന്മാരെ ഉണ്ടാക്കരുത്".[1]

അല്ലാഹുവെ മാത്രമേ ആരാധിക്കാവൂ എന്ന കല്പനയും, അതിലേക്കുള്ള ക്ഷണവും, അതിനെതിരിൽ ഉന്നയിക്കപ്പെടുന്ന

1 അൽ ബഖറ: 21,22

സംശയങ്ങളും അവയ്ക്കുള്ള മറുപടിയും എന്നിങ്ങനെയായി ധാരാളം ഖുർആൻ സൂക്തങ്ങൾ നമുക്ക് കാണാം. ഖുർആനിലെ ഓരോ അദ്ധ്യായവും, ഓരോ സൂക്തവും തൗഹീദിലേക്കുള്ള ക്ഷണമാണെന്ന് പറഞ്ഞാൽ തെറ്റില്ല. കാരണം ഖുർആൻ ഒന്നുകിൽ അല്ലാഹുവിൻെറ നാമങ്ങളും ഗുണങ്ങളും ചെയ്തികളും വിവരിക്കുന്നു. ഇതാണ് തൗഹീദു റുബൂബിയ്യ: അല്ലെങ്കിൽ ആരാധന അല്ലാഹുവിന് മാത്രമെ പാടുള്ളൂ, അവന് പങ്കുകാരില്ല, അവനെ കൂടാതെ ആരാധിക്കപ്പെടുന്ന എല്ലാ ദൈവങ്ങളെയും കയ്യൊഴിയണം എന്ന് കല്പിക്കുന്നു. ഇതാണ് തൗഹീദുൽ ഉലൂഹിയ്യ:. അല്ലെങ്കിൽ തൗഹീദ് ഉൾക്കൊള്ളുകയും അവനെ അനുസരിക്കുകയും ചെയ്യുന്നവർക്ക് ഭൗതികവും പാരത്രികവുമായി ലഭിക്കുന്ന മാന്യതയെപറ്റി വിവരിക്കുന്നു. ഇതാണ് തൗഹീദിൻെറ പ്രതിഫലം. അതല്ലെങ്കിൽ ബഹുദൈവാരാധകരെപറ്റിയും ഇഹത്തിലും പരത്തിലും അവർക്കുള്ള പ്രത്യാഘാതങ്ങളെപ്പറ്റിയും പറയുന്നു. ഇതാണ് തൗഹീദിൽനിന്നും വ്യതിചലിച്ചവരുടെ അനന്തരഫലം. അതല്ലെങ്കിൽ വിധിവിലക്കുകളും മതനിയമങ്ങളും വിവരിക്കുന്നു. ഇത് തൗഹീദിൻെറ അവകാശങ്ങളാണ്. കാരണം മതനിയമങ്ങളുണ്ടാക്കാൻ അല്ലാഹുവിനല്ലാതെ അവകാശമില്ല.

തൗഹീദിൻെറ എല്ലാ നിയമങ്ങളും അവകാശങ്ങളും ഉൾക്കൊള്ളുന്ന ഒരു വാക്യമാണ് 'ലാ ഇലാഹ ഇല്ലല്ലാഹ്' ഇതിൽ നിഷേധവും സ്ഥിരീകരണവും കാണാം. അല്ലാഹുവല്ലാത്ത മറ്റെല്ലാത്തിൽനിന്നും യഥാർത്ഥ ദിവ്യത്വം നിഷേധിക്കുകയും ദിവ്യത്വം അല്ലാഹുവിൽ മാത്രം സ്ഥിരീകരിക്കുകയും ചെയ്യുന്നു. അതുപോലെ രക്ഷകൻ അല്ലാഹു മാത്രമാണെന്നും അവനല്ലാത്ത മറ്റെല്ലാ ശക്തികളിൽനിന്നും മുക്തിനേടലും ഈ വാക്യത്തിൻെറ പൊരുളിൽ പെടുന്നു. ഈ രണ്ടു അടിസ്ഥാനങ്ങളിൽ നിലകൊള്ളുന്നതാണ് തൗഹീദിൽ അധിഷ്ഠിതമായ ഈ മതം. ഇബ്രാഹീം (അ) തൻെറ ജനങ്ങളോട് പ്രഖ്യാപിച്ചത് അല്ലാഹു പറയുന്നു:

وَاِذْ قَالَ اِبْرَاهِيمُ لِاَبِيهِ وَ قَوْمِهِ اِنَّنِي بَرَاءٌ مِمَّا تَعْبُدُونَ اِلَّا الَّذِي فَطَرَنِي فَهُوَ يَهْدِينِ

"ഇബ്രാഹീം തന്റെ പിതാവിനോടും ജനങ്ങളോടും ഇപ്രകാരം പറഞ്ഞ സന്ദർഭം (ശ്രദ്ധേയമാകുന്നു). തീർച്ചയായും ഞാൻ നിങ്ങൾ ആരാധിക്കുന്നതിൽ നിന്നും ഒഴിഞ്ഞുനിൽക്കുന്നവനാകുന്നു. എന്നെ സൃഷ്ടിച്ചവന് ഒഴികെ; കാരണം തീർച്ചയായും അവൻ എനിക്ക് മാർഗ്ഗദർശനം നൽകുന്നതാണ്.".[1]

ഇതുതന്നെയാണ് എല്ലാ പ്രവാചകന്മാരുടെയും മാർഗം.

وَ لَقَدْ بَعَثْنَا فِي كُلِّ اُمَّةٍ رَسُولاً اَنْ اعْبُدُوا اللّٰهَ وَ اجْتَنِبُوا الطَّاغُوتَ

"തീർച്ചയായും ഓരോ സമുദായത്തിലും നാം ദൂതനെ നിയോഗിച്ചിട്ടുണ്ട്. നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും ദുർമൂർത്തികളെ കൈവെടിയുകയും ചെയ്യണമെന്ന് (പ്രബോധനം ചെയ്യുന്നതിന് വേണ്ടി).[2]

فَمَنْ يَكْفُرْ بِالطَّاغُوتِ وَ يُؤْمِنْ بِاللّٰهِ فَقَدْ اسْتَمْسَكَ بِالْعُرْوَةِ الْوُثْقَى لاَ انْفِصَامَ لَهَا

"അകയാൽ ഏതൊരാൾ ദുർമൂർത്തിയെ അവിശ്വസിക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നുവോ അവൻ പിടിച്ചിട്ടുള്ളത് ബലമുള്ള ഒരു കയറിലാകുന്നു. അത് പൊട്ടിപ്പോകുകയേ ഇല്ല".[3]

അതിനാൽ ലാഇലാഹ ഇല്ലല്ലാഹ് എന്ന് പ്രഖ്യപിക്കുന്നവൻ അല്ലാഹു അല്ലാത്ത മറ്റെല്ലാത്തിന്റെയും ആരാധനയിൽ നിന്ന് മുക്തനായി എന്ന് വിളംബരം ചെയ്യുകയാണ്. അല്ലാഹുവെ മാത്രമേ ആരാധിക്കുകയുള്ളു എന്ന് സ്വയം പ്രതിജ്ഞ ചെയ്യുകയാണ്. തന്റെ മനസ്സിൽ മനുഷ്യൻ അരക്കിട്ടുറപ്പിക്കേണ്ട

1 സുഖ്റുഫ് 27,28
2 നഹ്ൽ : 36
3 അൽ ബഖറ: 256

ഉടമ്പടിയാണിത്. അല്ലാഹു പറയുന്നു:

مَــنْ نَكَثَ فَاِنَّمَا يَنْكُثُ عَلَى نَفْسِهِ وَمَــنْ
اَوْفَى بِمَا عَهَدَ عَلَيْهِ اللَّهَ فَسَيُؤْتِيهِ اَجْرًا عَظِيمًا

"അതിനാൽ ആരെങ്കിലും അത് ലംഘിക്കുന്നപക്ഷം അത് ലംഘിക്കുന്നതിൻെറ ദോഷഫലം അവനുതന്നെയാകുന്നു. താൻ അല്ലാഹുവുമായി ഉടമ്പടിയിലേർപ്പെട്ട കാര്യം വല്ലവനും നിറവേറ്റിയാൽ അവന് മഹത്തായ പ്രതിഫലം അവൻ നൽകുന്നതാണ്.".[1]

അപ്പോൾ 'ലാഇലാഹ ഇല്ലല്ലഹ്' എന്നത് ആരാധനയിലെ അല്ലാഹുവിൻെറ ഏകത്വവിളംബരമാണ്. കാരണം ഇലാഹ് (ദൈവം) എന്നാൽ ആരാധ്യനെന്നാണർത്ഥം. അതിനാൽ ലാഇലാഹ ഇല്ലല്ലാഹ് എന്നാൽ അല്ലാഹുവല്ലാതെ യഥാർത്ഥ ആരാധ്യനില്ല എന്നായി.

ഈ പ്രഖ്യാപനത്തിൻെറ ആശയം ഗ്രഹിക്കുകയും അതിൻെറ അനിവാര്യ താല്പര്യമെന്നോണം ബഹുദൈവാരാധനയിൽ നിന്നും മുക്തമായി, അല്ലാഹുവിൻെറ ഏകത്വത്തിൽ അടിയുറച്ച് വിശ്വസിച്ചു തദനുസരം പ്രവർത്തിക്കുകയും ചെയ്യുന്നവനാണ് യഥാർത്ഥ മുസ്ലിം. മനസ്സിൽ വിശ്വസമില്ലാതെ ഈ വാക്യം ഉരുവിട്ട് പ്രത്യക്ഷത്തിൽ അതനുസരിച്ചു പ്രവർത്തിക്കുന്നവൻ കപടവിശ്വാസിയും.

നാവുകൊണ്ട് ഈവാക്യം ആവർത്തിച്ചാവർത്തിച്ച് ഉരുവിട്ടാലും അതിൻെറ താല്പര്യത്തിനു വിരുദ്ധമായി ശിർക്ക് ചെയ്യുന്നവൻ ദൈവനിഷേധി (കാഫിർ)യാണ്. ഇതാണ് ഇന്നത്തെ

---

1 ഫത്ഹ് : 10

ബഹുദൈവാരാധകരുടെ അവസ്ഥ. അവർ ഈ വാക്യം ഉരുവിട്ടുകൊണ്ടിരിക്കും. അതിൻെറ ആശയമെന്താണെന്നവർ ഗ്രഹിക്കുന്നില്ല. അവരുടെ ജീവിതരീതിയിൽ മാറ്റമുണ്ടാക്കുവാനോ കർമ്മങ്ങളെ ശരിപ്പെടുത്തുവാനോ ഉതകുന്ന സ്വാധീനമൊന്നും അതിനില്ല. അതിനാൽ ലാഇലാഹ ഇല്ലല്ലാഹ് എന്ന് പറയുന്നതിനോടൊപ്പം 'യാ അബ്ദുൽ ഖാദിർ ജീലാനി' 'യാ ബദ്‌വീ' എന്നിങ്ങനെ അവരെയും ഇവരെയും അവർ വിളിക്കുന്നു. മരിച്ചുപോയവരോട് സഹായമർത്ഥിക്കുകയും അപകടങ്ങളിൽ നിന്ന് രക്ഷപ്പെടാൻ ഇസ്തിഗാസ നടത്തുകയും ചെയ്യുന്നു.

ഇക്കൂട്ടർ മനസ്സിലാക്കിയതിനെക്കാൾ പൂർവ്വികരായ ബഹുദൈവാരാധകർ ഈ വാക്യത്തിൻെറ പൊരുൾ ഗ്രഹിച്ചിരുന്നു. വിഗ്രഹപൂജ കയ്യൊഴിച്ച് അല്ലാഹുവെ മാത്രം ആരാധിക്കുക എന്നാണ് ലാഇലാഹ ഇല്ലല്ലാഹ് പ്രഖ്യാപിക്കാൻ പറയുന്നതുവഴി മുഹമ്മദ് നബി നമ്മോട് ആവശ്യപ്പെടുന്നത് എന്ന് അവർ ഗ്രഹിച്ചിരുന്നു. അതിനാൽ അവർ ചോദിച്ചു.

أَجَعَلَ الآلِهَةَ إِلَٰهًا وَاحِدًا

"ഇവൻ എല്ലാ ദൈവങ്ങളെയും ഒരൊറ്റ ദൈവമാക്കുകയാണോ?"[1]

ഇതേ ചോദ്യം ഹൂദ് നബി (അ) യുടെ ജനതയും ചോദിച്ചു.

أَجِئْتَنَا لِنَعْبُدَ اللَّهَ وَحْدَهُ وَنَذَرَ مَا كَانَ يَعْبُدُ آبَاؤُنَا

"ഞങ്ങൾ അല്ലാഹുവെ മാത്രം ആരാധിക്കുവാനും ഞങ്ങളുടെ പിതാക്കൾ ആരാധിച്ചിരുന്നതിനെ ഞങ്ങൾ വിട്ടുകളയുവാനും വേണ്ടിയാണോ നീ ഞങ്ങളുടെ അടുത്തു വന്നിരിക്കുന്നത്?"[2]

1 സ്വാദ് :5
2 അഅ്റാഫ് : 170

സ്വാലിഹ് നബി (അ) യുടെ ജനത ചോദിച്ചു:

أَتَنْهَانَا أَنْ نَعْبُدَ مَا يَعْبُدُ آبَاؤُنَا

"ഞങ്ങളുടെ പിതാക്കന്മാർ ആരാധിച്ചു വരുന്നതിനെ ഞങ്ങൾ ആരാധിക്കുന്നതിൽ നിന്ന് നീ ഞങ്ങളെ വിലക്കുകയാണോ?[1]

പണ്ട് നൂഹ് നബി (അ) യുടെ ജനത പറഞ്ഞതും അതുതന്നെ:

وَ قَالُوا لَا تَذَرُنَّ آلِهَتَكُمْ وَ لَا تَذَرُنَّ وَدًّا وَلَا سُوَاعًا وَ لَا يَغُوثَ وَ يَعُوقَ وَ نَسْرًا

"അവർ പറഞ്ഞു: ജനങ്ങളെ, നിങ്ങൾ നിങ്ങളുടെ ദൈവങ്ങളെ ഉപേക്ഷിക്കരുത്. വദ്ദ്, സുവാഅ്, യഗൂഥ്, യഊഖ്,നസ്റ് എന്നിവരെ നിങ്ങൾ ഉപേക്ഷിക്കരുത്".[2]

വിഗ്രഹാരാധന കൈവെടിയുക, അല്ലാഹുവെ മാത്രം ആരാധിക്കുന്നതിലേക്ക് വരിക എന്നാണ് 'ലാഇലാഹ ഇല്ലല്ലാഹ്' യുടെ അർത്ഥമെന്ന് അവിശ്വാസികൾ ഗ്രഹിച്ചിരിന്നു. അതുകൊണ്ട്തന്നെ അത് ഉരുവിടാൻ അവർ കൂട്ടാക്കിയില്ല. ലാത്ത, ഉസ്സ, മനാത്ത എന്നിവക്കുള്ള ആരാധനയും ലാഇലാഹ ഇല്ലല്ലയും ഒരുമിച്ചു ചേരില്ല എന്നു ശരിക്കും അവർ മനസ്സിലാക്കിയിരുന്നു.

എന്നാൽ ഇന്നത്തെ ഖബർ പൂജകർ ഈ വൈരുദ്ധ്യം പോലും മനസ്സിലാക്കുന്നില്ല. അവർ ലാഇലാഹ ഇല്ലല്ലാഹ് എന്ന് ഉച്ചരിക്കുകയും മൃതിയടഞ്ഞവരെ ആരാധിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു!

ചിലർ വ്യാഖ്യാനിക്കുന്നത് ഇലാഹ് എന്നാൽ

---

1 ഹൂദ് ; 62

2 നൂഹ് : 23

സൃഷ്ടിക്കുവാനും, ആവിഷ്കരിക്കുവാനും, കണ്ടുപിടിക്കുവാനും കഴിവുള്ളവൻ എന്നാണ്. ആപ്പോൾ "അല്ലാഹു അല്ലാതെ സൃഷ്ടികർത്താവില്ല" എന്നായി ലാഇലാഹ ഇല്ലല്ലയുടെ അർത്ഥം. ഇത് അങ്ങേയറ്റം ബാലിശമാണ്. കാരണം ബഹുദൈവവിശ്വാസികളും അതംഗീകരിച്ചിരുന്നു. സൃഷ്ടിക്കാനും അന്നം നല്കാനും ജീവിപ്പിക്കാനും മരിപ്പിക്കാനും കഴിവുള്ളവൻ അല്ലാഹു മാത്രമാണെന്ന് അവരൊക്കെ സമ്മതിച്ചതാണ് എന്ന് അല്ലാഹുതന്നെ പറഞ്ഞിട്ടുണ്ട്. എന്നിട്ടും അവരൊന്നും മുസ്ലിംകളായില്ലല്ലോ. അതിനാൽ ലാഇലാഹ ഇല്ലല്ലായുടെ ആശയം ഒരിക്കലും അതല്ലെന്ന് വ്യക്തം. പക്ഷെ, "ലാഇലാഹ ഇല്ലല്ല" യുടെ വിശാലമായ താല്പര്യത്തിൽ അതും ഉൾപെടുമെന്ന് പറയാം.

# ഇബാദത്തിലെ ശിർക്ക്

ഇബാദത്തിലെ ശിർക്ക് എന്നാൽ ആരാധനയോ അതിൻെറ ഏതെങ്കിലും അംശമോ അല്ലാഹു അല്ലാത്തവർക്ക് ചെയ്യുക എന്നാണ്. ഇതിൻെറ ഉൽഭവത്തെക്കുറിച്ച് നേരത്തെ നാം സൂചിപ്പിച്ചിട്ടുണ്ട്. ഇന്നും അത് അനുസ്യൂതം തുടരുന്നു. അല്ലാഹു അനുഗ്രഹിച്ചവർ മാത്രം അതിൽനിന്നും മുക്തരായി ജീവിക്കുന്നു.

ഈ ശിർക്ക് രണ്ടുതരമുണ്ട്:

1. <u>ഇസ്ലാം മതത്തിൽനിന്നും പുറത്താകാൻ നിമിത്തമായിത്തീരുന്ന കൊടിയ ശിർക്ക്. അഥവാ ബഹുദൈവാരാധന.</u> അല്ലാഹു അല്ലാത്തവരോട് പ്രാർത്ഥിക്കുക, അവരുടെ പ്രീതിക്കുവേണ്ടി ബലിയറുക്കുക, തുടങ്ങി ആരാധനയുടെ ഏതെങ്കിലും ഇനം അല്ലാഹു അല്ലാത്തവർക്ക് ചെയ്യുക എന്നർത്ഥം.

2. <u>മതത്തിൽ നിന്നും പുറത്താകാൻ കാരണമാവുകയില്ലെങ്കിലും തൗഹീദിൻെറ പൂർണതക്ക് യോജിക്കാത്ത ലഘുവായ ശിർക്ക്.</u> അല്ലാഹു അല്ലാത്തവരുടെ പേരിൽ സത്യം ചെയ്യുക, എപ്പോഴും ലോകമാന്യത്തിനുവേണ്ടി മാത്രം പ്രവർത്തിക്കുക, "നീയും അല്ലാഹുവും ഉദ്ദേശിച്ചാൽ" "നീയും അല്ലാഹുവും ഇല്ലായിരുന്നെങ്കിൽ" തുടങ്ങിയ അശ്രദ്ധമായ പദപ്രയോഗങ്ങൾ നടത്തുക എന്നിവ ഉദാഹരണം. നിരന്തരമായി ഇക്കാര്യങ്ങൾ ചെയ്യുന്നവൻ കൊടിയ ശിർക്കിൽ അകപ്പെടാൻ എളുപ്പമാണ്.

# ശിർക്കും ഇന്നത്തെ മുസ്‌ലിംകളും

ഇന്ന് മുസ്‌ലിംകളിൽ ശിർക്ക് ഭീഭൽസത പ്രാപിച്ചിരിക്കുന്നു. അതിൻെറ പ്രധാന കാരണങ്ങൾ ഇവയാണ്:

1) വിശുദ്ധ ഖുർആനിൽനിന്നും നബിചര്യ യിൽനിന്നും മുസ്‌ലിംകൾ അകന്നുപോയി.

2) ദൈവികമായ യാതൊരു മാർഗനിർദ്ദേശവും ഇല്ലാതെ പൂർവ്വികരുടെ ചെയ്തികളെ അന്ധമായി പിൻപറ്റുന്നു

3) മൃതിയടഞ്ഞവരെ പരിധിവിട്ട് ആദരിക്കുകയും അവരുടെ ജാറങ്ങളുണ്ടാക്കുകയും ചെയ്യുന്നു.

4) മുഹമ്മദ് നബി(സ) നിയുക്തനായി പഠിപ്പിച്ച ഇസ്ലാം മതത്തിൻെറ അന്തഃസ്സത്ത എന്താണെന്നതിനെപ്പറ്റിയുള്ള അജ്ഞത. ഒരിക്കൽ ഉമർ ബിൻ ഖത്താബ് (റ) പറഞ്ഞു: "മക്കയിലുണ്ടായിരുന്ന അജ്ഞാനകാലത്തെ (ജാഹിലിയ്യത്ത്) പ്പറ്റി മനസ്സിലാക്കാത്തവർ ഇസ്ലാമിൽ ഉണ്ടാകുമ്പോഴാണ് മതത്തിൻെറ പിരികൾ ഓരോന്നും അഴിഞ്ഞുപോവുക".

5) കെട്ടു കഥകൾക്കും സംശയങ്ങൾക്കും ലഭിക്കുന്ന മാർക്കറ്റ്. നിരവധി ആളുകളെ വഴിതെറ്റിച്ച കാരണമാണിത്. പലപ്പോഴും തങ്ങളുടെ നിലപാടിനെ ന്യായീകരിക്കുവാൻ ശിർക്ക് ചെയ്യുന്നവർ അവലംബിക്കുന്ന രേഖയും ഇവമാത്രമായിരിക്കും.

എന്നാൽ ഇവ്വിഷയകമായി മുസലിം സമൂഹത്തിലെ ബഹുദൈവാരാധകർ ഉന്നയിക്കാറുള്ള സംശയവാദങ്ങളിൽ മിക്കതും പൂർവ സമുദായത്തിലെ ബഹുദൈവാരാധകർ ഉന്നയിച്ചതാണ്. പ്രസ്തുത വാദങ്ങൾ സംക്ഷിപ്തമായി നമുക്ക് പരിശോധിക്കാം

# 1- പൈതൃകമായി ലഭിച്ച ആചാരങ്ങളാണത്

1 ആധുനികവും പൗരാണികവുമായ എല്ലാ ബഹുദൈവാരാധകരും ഒരുപോലെ ഉന്നയിക്കുന്ന ന്യായവാദമാണ്, പൂർവ്വപിതാക്കളിൽനിന്നും പൈതൃകമായി തങ്ങൾക്ക് ലഭിച്ചതാണ് ഈ വിശ്വാസരീതികളെന്നത്. അല്ലാഹുപറയുന്നു:

وَ كَذَلِكَ ارْسَلْنَا مِنْ قَبْلِكَ فِي قَرْيَةٍ مِنْ نَذِيرٍ الاَّ قَالَ مُتْرَفُوهَا انَّا وَجَدْنَا آبَاءَنَا عَلَى اُمَّةٍ وَ اِنَّا عَلَى آثَارِهِمْ مُقْتَدُونَ.

"അതുപോലെതന്നെ നിനക്ക് മുമ്പ് ഏതൊരു രാജ്യത്ത് നാം താക്കീതുകാരനെ അയച്ചപ്പോഴും 'ഞങ്ങളുടെ പിതാക്കളെ ഒരുമാർഗത്തിൽ നിലകൊള്ളുന്നവരായി ഞങ്ങൾ കണ്ടെത്തിയിരിക്കുന്നു. തീർച്ചയായും ഞങ്ങൾ അവരുടെ കാൽപ്പാടുകളെ അനുഗമിക്കുന്നവരാകുന്നു' എന്ന് അവിടെയുള്ള സുഖലോലുപന്മാർ പറയാതിരുന്നിട്ടില്ല."[1]

തന്റെ വാദങ്ങൾക്ക് രേഖ ഹാജരാക്കാൻ കഴിയാത്തവർ ശരണം തേടുന്ന ന്യായീകരണമാണിത്. വാദപ്രതിവാദമേഖലയിൽ ഒട്ടും വിലയില്ലാത്ത നിരർത്ഥകമായ തെളിവാണിത്. കാരണം അവർ പിൻപറ്റുന്ന പൂർവപിതാക്കൾ ദിവ്യപാതയിൽ നിലകൊള്ളുന്നവരായിരുന്നില്ല. അത്തരം ആളുകളെ അനുഗമിക്കുന്നതോ പിൻപറ്റുന്നതോ ശരിയല്ല. അല്ലാഹു ചോദിക്കുന്നു:

أَوَلَوْ كَانَ آبَاؤُهُمْ لاَ يَعْلَمُونَ شَيْئًا وَ لاَ يَهْتَدُونَ

1 സുഖ്റുഫ് : 23

"അവരുടെ പിതാക്കൾ യാതൊന്നും അറിയാത്തവരും സന്മാർഗ്ഗം പ്രാപിക്കാത്തവരും ആയിരുന്നാൽപോലും (അവരെ പിൻപറ്റിയാൽ മതിയെന്നോ?)"[1]

أَوَلَوْ كَانَ آبَاؤُهُمْ لاَ يَعْقِلُونَ شَيْئًا وَلاَ يَهْتَدُونَ

"അവരുടെ പിതാക്കൾ യാതൊന്നും ചിന്തിച്ച് മനസ്സിലാക്കാത്തവരും നേർവഴി കണ്ടെത്താത്തവരുമായിരുന്നെങ്കിൽപോലും (അവരെ പിൻപറ്റുകയാണോ?)"[2]

പൂർവികർ സത്യപാതയിലാണെങ്കിൽ മാത്രമേ അവരെ പിൻപറ്റുന്നതിൽ ശ്രേഷ്ഠതയുള്ളൂ. യൂസുഫ് (അ) നെ ഉദ്ധരിച്ചുകൊണ്ട് ഖുർആൻ പറയുന്നു:

وَ اتَّبَعْتُ مِلَّةَ آبَائِي اِبْرَاهِيمَ وَ اِسْحٰقَ وَ يَعْقُوبَ مَاكَانَ لَنَا اَنْ نُشْرِكَ بِاللّٰهِ مِنْ شَيْءٍ

ذٰلِكَ مِنْ فَضْلِ اللّٰهِ عَلَيْنَا وَ عَلَى النَّاسِ وَلٰكِنَّ اَكْثَرَ النَّاسِ لاَ يَشْكُرُونَ

"എന്റെ പിതാക്കളായ ഇബ്രാഹീം, ഇസ്ഹാഖ്, യഅ്ഖൂബ് എന്നിവരുടെ മാർഗം ഞാൻ പിന്തുടർന്നിരിക്കുന്നു. അല്ലാഹുവിനോട് യാതൊന്നിനെയും പങ്കുചേർക്കുവാൻ ഞങ്ങൾക്ക് പാടുള്ളതല്ല. ഞങ്ങൾക്കും മനുഷ്യർക്കും അല്ലാഹു നൽകിയ അനുഗ്രഹത്തിൽ പെട്ടതത്രെ അത് (സന്മാർഗം). പക്ഷെ, മനുഷ്യരിൽ അധികപേരും നന്ദികാണിക്കുന്നില്ല."[3]

وَ الَّذِينَ آمَنُوا وَ اتَّبَعْنَاهُمْ ذُرِّيَّتُهُمْ بِاِيمَانٍ اَلْحَقْنَا بِهِمْ ذُرِّيَّتَهُمْ

"ഏതൊരു കൂട്ടർ വിശ്വസിക്കുകയും അവരുടെ സന്താനങ്ങൾ വിശ്വാസത്തിൽ അവരെ പിന്തുടരുകയും ചെയ്തിരിക്കുന്നുവോ,

1 മാഇദ : 140
2 അൽബഖറ: 170
3 യൂസുഫ് : 38

അവരുടെ സന്താനങ്ങളെ നാം അവരോടൊപ്പം ചേര്‍ക്കുന്നതാണ്".[1]

ഈ ന്യായവാദം ബഹുദൈവാരാധകരുടെ മനസ്സില്‍ ആഴ്ന്നിറങ്ങിയിരുന്നു. ഇത് ഉപയോഗിച്ചാണവര്‍ പ്രവാചകന്മാരുടെ പ്രബോധനത്തെ നേരിട്ടത്. നൂഹ് (അ) ന്റെ ജനതയെ നോക്കുക:

وَلَقَدْ أَرْسَلْنَا نُوحًا إِلَى قَوْمِهِ فَقَالَ يَا قَوْمِ اعْبُدُوا اللَّهَ مَا لَكُمْ مِنْ إِلَهٍ غَيْرُهُ أَفَلَا تَتَّقُونَ. فَقَالَ الْمَلَؤُ الَّذِينَ كَفَرُوا مِنْ قَوْمِهِ مَا هَذَا إِلَّا بَشَرٌ مِثْلُكُمْ يُرِيدُ أَنْ يَتَفَضَّلَ عَلَيْكُمْ وَلَوْ شَاءَ اللَّهُ لَأَنْزَلَ مَلَائِكَةً مَا سَمِعْنَا بِهَذَا فِي آبَائِنَا الْأَوَّلِينَ.

"നൂഹിനെ നാം അദ്ദേഹത്തിന്റെ ജനതയിലേക്ക് ദൂതനായി നിയോഗിക്കുകയുണ്ടായി. എന്നിട്ടദ്ദേഹം പറഞ്ഞു. എന്റെ ജനങ്ങളെ, നിങ്ങള്‍ അല്ലാഹുവെ ആരാധിക്കുക. നിങ്ങള്‍ക്ക് അവനല്ലാതെ യാതൊരു ദൈവവുമില്ല. അതിനാല്‍ നിങ്ങള്‍ സൂക്ഷ്മത പാലിക്കുന്നില്ലേ? അപ്പോള്‍ അദ്ദേഹത്തിന്റെ ജനതയിലെ സത്യനിഷേധികളായ പ്രമാണിമാര്‍ പറഞ്ഞു. ഇവന്‍ നിങ്ങളെപ്പോലുള്ള ഒരു മനുഷ്യന്‍ മാത്രമാകുന്നു. നിങ്ങളെക്കാളുപരിയായി മഹത്വം നേടിയെടുക്കാന്‍ അവന്‍ ആഗ്രഹിക്കുന്നു. അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കില്‍ അവന്‍ (ദൂതന്മാരായി) മലക്കുകളെതന്നെ ഇറക്കുമായിരുന്നു. ഞങ്ങളുടെ പൂര്‍വ്വപിതാക്കള്‍ക്കിടയില്‍ ഇങ്ങനെയൊന്ന് ഞങ്ങള്‍ കേട്ടിട്ടില്ല".[2]

അപ്പോള്‍, നൂഹ്(അ)ന്റെ ദൗത്യത്തിനെതിരെ അവര്‍ ഉയര്‍ത്തിപ്പിടിക്കുന്നത് പൂര്‍വ്വികര്‍ കൈകൊണ്ട നിലപാടിനെയാണ്

---

1 തൂര്‍ : 21

2 മുഅ്മിനൂന്‍ : 23,24

ഇനി സ്വാലിഹ് നബി (അ) യുടെ ജനതയെ കാണുക:

قَالُوا يَاصَالِحُ قَدْ كُنْتَ فِينَا مَرْجُواً قَبْلَ هَذَا أَتَنْهَانَا أنْ نَعْبُدَ مَا يَعْبُدُ آبَاؤُنَا

"അവർ പറഞ്ഞു: സ്വാലിഹേ, ഇതിനുമുമ്പ് നീ ഞങ്ങൾക്കിടയിൽ അഭിലഷണീയനായിരുന്നു. ഞങ്ങളുടെ പിതാക്കന്മാർ ആരാധിച്ചുവരുന്നതിനെ ഞങ്ങൾ ആരാധിക്കുന്നതിൽനിന്നും നീ ഞങ്ങളെ വിലക്കുകയാണോ?"[1]

ശുഐബ് നബി (അ) യുടെ ജനതയും പറഞ്ഞു:

قَالُوا يَا شُعَيْبُ أَصَلَوتُكَ تَأْمُرُكَ أنْ نَتْرُكَ مَا يَعْبُدُ آبَاؤُنَا

"അവർ പറഞ്ഞു: ശുഐബേ, ഞങ്ങളുടെ പിതാക്കന്മാർ ആരാധിച്ചുവരുന്നതിനെ ഞങ്ങൾ ഉപേക്ഷിക്കണമെന്നാണോ നിൻെറ നമസ്ക്കാരം നിനക്ക് കല്പന നല്കുന്നത്?"[2]

ഇബ്രാഹീം നബി തൻെറ ജനതയെ തെളിവുകൾക്കൊണ്ട് മുട്ടുകുത്തിച്ചപ്പോൾ അവർ പ്രതികരിച്ചത് നോക്കുക:

وَ اتْلُ عَلَيْهِمْ نَبَأَ إبْرَاهِيمَ إذْ قَالَ لِأبِيهِ وَ قَوْمِهِ مَا تَعْبُدُونَ قَالُوا نَعْبُدُ أصْنَامًا فَنَظَلُّ لَهَا عَاكِفِينَ قَالَ هَلْ يَسْمَعُونَكُمْ إذْ تَدْعُونَ . أوْ يَنْفَعُونَكُمْ أوْ يَضُرُّونَ . قَالُوا بَلْ وَجَدْنَا آبَاءَ نَا كَذَلِكَ يَفْعَلُونَ .

"ഇബ്രാഹീമിൻെറ വൃത്താന്തവും നീ അവർക്ക് വായിച്ചു കേൾപ്പിക്കുക. അതായത് നിങ്ങൾ എന്തിനെയാണ് ആരാധിച്ചുകൊണ്ടിരിക്കുന്നത് എന്ന് തൻെറ പിതാവിനോടും,

---
1 ഹൂദ് : 62
2 ഹൂദ് : 87

തൻെറ ജനങ്ങളോടും അദ്ദേഹം ചോദിച്ച സന്ദർഭം. അവർ പറഞ്ഞു: ഞങ്ങൾ ചില വിഗ്രഹങ്ങളെ ആരാധിക്കുകയും അവയുടെ മുമ്പിൽ ഭജനമിരിക്കുകയും ചെയ്യുന്നു. അദ്ദേഹം പറഞ്ഞു: നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ അവരത് കേൾക്കുമോ? അഥവാ അവർ നിങ്ങൾക്ക് ഉപകാരമോ ഉപദ്രവമോ ചെയ്യുമോ? അവർ പറഞ്ഞു: അല്ല, ഞങ്ങളുടെ പിതാക്കൾ അപ്രകാരം ചെയ്യുന്നതായി ഞങ്ങൾ കണ്ടിരിക്കുന്നു." [1]

ഫിർഔൻ മൂസാ നബി (അ) യോട് ചോദിച്ചു:

فَمَا بَالُ الْقُرُونِ الأُولَى

അപ്പോൾ മുൻതലമുറകളുടെ അവസ്ഥയെന്താണ്?" [2]

ഇങ്ങനെ,എല്ലാ അവിശ്വാസവും ഒരു മാർഗ്ഗംതന്നെയാണ്. സത്യത്തെ കവച്ചുവെക്കാൻ അങ്ങേയറ്റം ദുർബലമായ ഇത്തരം ന്യായവാദങ്ങളല്ലാതെ മറ്റൊന്നും അവരുടെ പക്കലില്ല.

1 ശുഅറാഅ് : 70-74

2 ത്വാഹ : 50

# 2. പടച്ചവൻെറ വിധിയാണിത്

'വിധിയാണിത്' എന്നവാദമാണ് തങ്ങൾ നിലയുറപ്പിച്ച ശിർക്കിനെ ന്യായീകരിക്കാൻ അറേബ്യൻ ബഹുദൈവാരാധകരും മറ്റുപലരും ഉന്നയിച്ച മറ്റൊരു ന്യായം. ഖുർആൻ പറയുന്നത് നോക്കുക:

وَ قَالُوا لَوْ شَاءَ الرَّحْمنُ مَا عَبَدْنَاهُمْ

"പരമകാരുണികൻ ഉദ്ദേശിച്ചിരുന്നുവെങ്കിൽ ഞങ്ങൾ അവരെ (മലക്കുകളെ) ആരാധിക്കുമായിരുന്നില്ല എന്ന് അവർ പറയുകയും ചെയ്യും." 1

سَيَقُولُ الذِينَ أشْرَكُوا لَوْ شَاءَ اللّهُ مَا أشْرَكْنَا وَ لاَ آبَاؤُنَا وَلاَ حَرَّمْنَا مِنْ شَيْيءٍ كَذَلِكَ كَذَّبَ الذِينَ مِنْ قَبْلِهِمْ حَتّى ذَاقُوا بَأْسَنَا قُلْ هَلْ عِنْدَكُمْ مِنْ عِلْمٍ فَتُخْرِجُوهُ لَنَا اِنْ تَتَّبِعُونَ اِلاّ الظَّنَّ وَ اِنْ أنْتُمْ اِلاّ تَخْرُصُونَ.

ആ ബഹുദൈവാരാധകർ പറഞ്ഞേക്കും; അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിൽ ഞങ്ങളോ ഞങ്ങളുടെ പിതാക്കളോ (അല്ലാഹുവോട്) പങ്കുചേർക്കുമായിരുന്നില്ല, ഞങ്ങൾ യാതൊന്നും നിഷിദ്ധമാക്കുമായിരുന്നില്ല എന്ന്. ഇതേ പ്രകാരം അവരുടെ മുൻഗാമികളും നമ്മുടെ ശിക്ഷ ആസ്വദിക്കും വരെ നിഷേധിക്കുകയുണ്ടായി. പറയുക നിങ്ങളുടെ പക്കൽ വല്ല വിവരവുമുണ്ടോ? എങ്കിൽ ഞങ്ങൾക്ക് നിങ്ങൾ അതൊന്ന് വെളിപ്പെടുത്തിത്തരൂ. ഊഹത്തെ മാത്രമാണ് നിങ്ങൾ പിന്തുടരുന്നത്. നിങ്ങൾ അനുമാനിക്കുക മാത്രമാണ് ചെയ്യുന്നത്.2

ഈ സൂക്തത്തിൻെറ വ്യാഖ്യാനത്തിൽ ഇബ്നു കസീർ പറയുന്നത് കാണുക:

---

1 സുഖ്റുഫ് : 20

2 അൻആം 148

"തങ്ങൾ നിലയുറപ്പിച്ച ശിർക്കിനും, ചില വസ്തുക്കൾ സ്വയം നിഷിദ്ധമായി കണക്കാക്കുന്നതിനും തെളിവായി ബഹുദൈവാരാധകർ ഉന്നയിക്കുന്ന ന്യായീകരണവും അതിനുള്ള മറുപടിയുമാണ് അല്ലാഹു ഇവിടെ പറയുന്നത്. ഞങ്ങൾ നിഷിദ്ധമായി ഗണിക്കുന്നതും ഞങ്ങളുടെ ബഹുദൈവാരാധനയുമെല്ലാം അല്ലാഹു കണ്ടു കൊണ്ടിരിക്കുകയാണല്ലോ. വിശ്വസിക്കണമെന്ന തോന്നൽ ഞങ്ങളിൽ ജനിപ്പിക്കുവാനും അവിശ്വസിക്കുന്നതിന് തടസ്സം സൃഷ്ടിച്ചുകൊണ്ട് ഞങ്ങളുടെ ചെയ്തികളിൽ നിന്നു ഞങ്ങളെ തടയാനും അവന് കഴിവുമുണ്ട്. എന്നിട്ടും അവൻ ഞങ്ങളെ തടയുന്നില്ല. ഇതിൻെറ അർത്ഥം ഞങ്ങളുടെ ചെയ്തികളിൽ അവൻ തൃപ്തനും അവയെല്ലാം അവൻെറ ഉദ്ദേശ്യവുമാണ് എന്നത്രെ. അവരുടെ ഈ വാദം ഉദ്ധരിച്ച ശേഷം അല്ലാഹു പറയുകയാണ്; "ഈ ന്യായം പറഞ്ഞുകൊണ്ടാണ് അവരുടെ പൂർവ്വീകരും വഴിപിഴച്ചത്". ഇത് തികച്ചും നിരർത്ഥകമായ വാദമാണ്. കാരണം അവർ വാദിക്കുന്നത് ശരിയായിരുന്നെങ്കിൽ അല്ലാഹു ബഹുദൈവാരാധന നിമിത്തം പൂർവ്വീകരെ നശിപ്പിക്കുമായിരുന്നില്ല. അവരെ വേദനയുറ്റ ശിക്ഷക്ക് വിധേയമാക്കുമായിരുന്നില്ല. അവരിലേക്ക് തുടർച്ചയായി ദൂതന്മാരെ നിയോഗിക്കുമായിരുന്നില്ല. അതിനാൽ നിങ്ങളുടെ ചെയ്തികൾ അല്ലാഹു തൃപ്തിപ്പെടുന്നുവെന്നതിന് നിങ്ങളുടെ പക്കൽ വ്യക്തമായ വല്ല വിവരവുമുണ്ടോ? ഉണ്ടെങ്കിൽ അതൊന്ന് കാണിച്ചുതരൂ. വാസ്തവത്തിൽ നിങ്ങൾ ഊഹത്തെയാണ് പിൻപറ്റുന്നത് കേവലം അനുമാനം മാത്രമാണ് നിങ്ങളുടെ അവലംബം.

وَ قَالَ الَّذِينَ أَشْرَكُوا لَوْ شَاءَ اللَّهُ مَا عَبَدْنَا مِنْ دُونِهِ مِنْ شَيْءٍ نَحْنُ وَ لَا آبَاؤُنَا وَ لَا حَرَّمْنَا مِنْ دُونِهِ مِنْ شَيْءٍ ؛

"(അല്ലാഹുവോട്) പങ്കാളികളെ ചേർത്തവർ പറയുന്നു: അല്ലഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ ഞങ്ങളോ ഞങ്ങളുടെ പിതാക്കന്മാരോ അവനു പുറമെ യാതൊന്നിനെയും

ആരാധിക്കുമായിരുന്നില്ല. അവൻെറ കല്പനകൾ കൂടാതെ ഞങ്ങൾ യാതൊന്നും നിഷിദ്ധമാക്കുകയും ഇല്ലായിരുന്നു."[3]

ഈ സൂക്തത്തിൻെറ വ്യാഖ്യാനത്തിൽ ഇബ്നു കസീർ പറയുന്നു:

"അവരുടെ വാദത്തിൻെറ ചുരുക്കമിതാണ്. ഞങ്ങൾ ചെയ്യുന്നത് അല്ലാഹുവിന് ഇഷ്ടമില്ലെങ്കിൽ അവൻ ഞങ്ങളെ ശിക്ഷിച്ചുകൊണ്ടോ, ഞങ്ങൾക്കിത് ചെയ്യാൻ സൗകര്യമേർപ്പെടുത്താതെയോ അതിൽ പ്രതിഷേധിക്കും. അതിൻെറ മറുപടി അല്ലാഹു ഇപ്രകാരം പറയുന്നു

فَهَلْ عَلَى الرُّسُلِ إِلاَّ الْبَلاَغُ الْمُبِينُ. وَلَقَدْ بَعَثْنَا فِي كُلِّ أُمَّةٍ رَسُولاً أَنْ اعْبُدُوا اللَّهَ وَ اجْتَنِبُوا الطَّاغُوتَ فَمِنْهُمْ مَنْ هَدَى اللَّهُ وَ مِنْهُمْ مَنْ حَقَّتْ عَلَيْهِ الضَّلاَلَةُ فَسِيرُوا فِي الأَرْضِ فَانْظُرُوا كَيْفَ كَانَ عَاقِبَةُ الْمُكَذِّبِينَ.

"ദൈവദൂതന്മാരുടെ മേൽ സ്പഷ്ടമായ പ്രബോധനമല്ലാതെ വല്ലബാദ്ധ്യതയുമുണ്ടോ? തീർച്ചയായും ഓരോ സമുദായത്തിലും നാം ദൂതനെ നിയോഗിച്ചിട്ടുണ്ട്. നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും ദുർമൂർത്തികളെ വെടിയുകയും ചെയ്യണം എന്ന് (പ്രബോധനം ചെയ്യുന്നതിനുവേണ്ടി). എന്നിട്ട് അവരിൽ ചിലരെ അല്ലാഹു നേർവഴിയിലാക്കി. അവരിൽ ചിലരുടെ മേൽ വഴികേട് സ്ഥിരപ്പെടുകയും ചെയ്തു. ആകയാൽ നിങ്ങൾ ഭൂമിയിലൂടെ നടന്നിട്ട് നിഷേധിച്ച് തള്ളിക്കളഞ്ഞവരുടെ പര്യവസാനം എപ്രകാരമായിരുന്നു എന്ന് നോക്കുക."[4]

അഥവാ നിങ്ങൾ പറയുന്ന പോലെയല്ല കാര്യം. അവൻ നിങ്ങളുടെ ചെയ്തികളെ അങ്ങേയറ്റം വെറുക്കുന്നു. അത് ചെയ്യരുതെന്ന് നിങ്ങളെ ശക്തിയായി വിലക്കിയിട്ടുണ്ട്. അങ്ങിനെ എല്ലാ സമൂഹങ്ങളിലേക്കും എല്ലാ നൂറ്റാണ്ടുകളിലും ഒരു വിഭാഗം

3 അന്നഹൽ : 35
4 അന്നഹൽ : 36

മനുഷ്യരെ ദൈവദൂതന്മാരായി നിയോഗിച്ചു. അവർ എല്ലാവരും അല്ലാഹുവെ മാത്രം ആരാധിക്കുവാൻ കല്പിക്കുകയും അവനെ കൂടാതെ ആരാധിക്കപ്പെടുന്നതിനെ വിരോധിക്കുകയും ചെയ്തു. ഈ സന്ദേശവുമായി, മനുഷ്യരാശിയിലേക്ക് ശിർക്ക് കടന്നുവന്ന കാലം തൊട്ട് ദൂതന്മാരെ അയച്ചുകൊണ്ടിരുന്നു. നൂഹ് നബി(അ)യുടെ ജനതയിലായിരുന്നു ആദ്യമായി ശിർക്ക് കടന്നുവന്നത്. അതിനാൽ ആദ്യത്തെ ദൈവദൂതനായി അദ്ദേഹത്തെ അല്ലാഹു നിയോഗിച്ചു. തുടർന്ന് ദൈവദൂതന്മാരുടെ നിയോഗമനം തുടർന്നു. മുഹമ്മദ് നബി (സ) യുടെ നിയോഗത്തോടെ ആ പ്രക്രിയക്ക് അന്ത്യംകുറിച്ചു. അദ്ദേഹത്തിൻെറ ദൗത്യം കിഴക്കും പടിഞ്ഞാറുമെന്നപോലെ മനുഷ്യവർഗത്തെയും ജിന്നുവർഗത്തെയും ചൂഴ്ന്നു നില്ക്കുന്നതാണ്, പ്രവാചകദൗത്യത്തെക്കുറിച്ച് അല്ലാഹു പറയുന്നത് കാണുക:

وَ مَا أَرْسَلْنَا مِنْ قَبْلِكَ مِنْ رَسُولٍ اِلاّ نُوحِي اِلَيْهِ أَنَّهُ لاَ اِلَهَ اِلاّ أَنَا فَاعْبُدُونِ

"ഞാനല്ലാതെ യാതൊരു ദൈവവുമില്ല, അതിനാൽ എന്നെ നിങ്ങൾ ആരാധിക്കൂ എന്ന് ബോധനം നല്കിക്കൊണ്ടല്ലാതെ നിനക്ക് മുമ്പ് ഒരു ദൂതനെയും നാം അയച്ചിട്ടില്ല."[5]

وَ اسْأَلْ مَنْ أَرْسَلْنَا مِنْ قَبْلِكَ مِنْ رُسُلِنَا أَجَعَلْنَا مِنْ دُونِ الرَّحْمٰنِ آلِهَةً يُعْبَدُونَ

"നിനക്കു മുമ്പ് നമ്മുടെ ദൂതന്മാരായി നാം അയച്ചവരോട് ചോദിച്ചുനോക്കുക. പരമകാരുണികനു പുറമെ ആരാധിക്കപ്പെടേണ്ട വല്ല ദൈവങ്ങളെയും നാം നിശ്ചയിച്ചിട്ടുണ്ടോ എന്ന്".[6]

وَلَقَدْ بَعَثْنَا فِي كُلِّ أُمَّةٍ رَسُولاً أَنِ اعْبُدُوا اللّهَ وَ اجْتَنِبُوا الطَّاغُوتَ

തീർച്ചയായും ഓരോ സമുദായത്തിലും നാം ദൂതനെ നിയോഗിച്ചിട്ടുണ്ട്. നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും ദുർമൂർത്തികളെ വെടിയുകയും ചെയ്യണം എന്ന് (പ്രബോധനം

5 അംബിയാഅ് : 25
6 സുഖ്റുഫ് : 45

ചെയ്യുന്നതിനുവേണ്ടി).[7]

അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ അവനെ കൂടാതെ മറ്റൊന്നിനെയും ഞങ്ങൾ ആരാധിക്കുമായിരുന്നില്ല എന്ന ന്യായവാദവുമായി വരാൻ എങ്ങനെയാണിനി അവർക്കു കഴിയുക? തന്റെ ദൂതന്മാരുടെ ജിഹ്വയിലൂടെ അവരോട് അക്കാര്യം അവൻ വിരോധിച്ചതിനാൽ അവന്റെ നിയാമക ഇച്ഛ ഇക്കാര്യത്തെ നിഷേധിക്കുകയാണ്. എന്നാൽ അവൻ നിശ്ചയിച്ച പ്രാപഞ്ചിക നിയമ പ്രകാരം ഇഷ്ടമുള്ളത് ചെയ്യാൻ അവൻ അവർക്ക് സൗകര്യമേർപ്പെടുത്തിക്കൊടുക്കുന്നു. അതവർക്ക് അനുകൂലമായൊരു തെളിവല്ല. മാത്രമല്ല, പ്രവാചകന്മാർ മാർഗേന നല്കിയ മുന്നറിയിപ്പ് അവഗണിച്ചപ്പോൾ ഭൂമിയിൽ വെച്ചു തന്നെ അവരെ ശിക്ഷിച്ചുകൊണ്ട് തന്റെ അനിഷ്ടം അല്ലാഹു ബഹുദൈവാരാധകരെ അറിയിച്ചിട്ടുമുണ്ട്".[8]

ഈ സംശയവാദം വഴി ദുർനടപടികൾ ചെയ്യാൻ ഒരു ന്യായം കണ്ടെത്തുകയല്ല ഇവർ; കാരണം തങ്ങൾ ചെയ്യുന്നത് ചീത്തകാര്യമാണെന്നല്ല നന്മയാണ് എന്നത്രെ അവർ വിശ്വസിച്ചിരുന്നത്. അവർ നടത്തിയ വിഗ്രഹാരാധന വഴി അല്ലാഹുവിലേക്ക് സാമീപ്യം നേടുകയാണവരുടെ ലക്ഷ്യം. തങ്ങളുടെ ചെയ്തികൾ അല്ലാഹുവിങ്കൽ സത്യവും സാധുതയുള്ളതും തൃപ്തികരവുമാണ് എന്ന നിലപാടിനനുകൂലമായ തെളിവ് കണ്ടെത്തുക മാത്രമാണവർ. അതിന് അല്ലാഹുവിന്റെ മറുപടിയിതാണ് "അങ്ങനെയായിരുന്നെങ്കിൽ അവരുടെ ചെയ്തികളെ കുറ്റപ്പെടുത്തി കൊണ്ട് ദൂതൻമാരെ നിയോഗിക്കുമായിരുന്നില്ലല്ലോ".

7 അന്നഹ്ൽ 36

8 ഇബ്നു കസീർ 2/586-587

# 3. "ലാഇലാഹ ഇല്ലല്ലാഹ്" ചൊല്ലിയവരെല്ലാം സ്വർഗ്ഗത്തിലാണ്. ?

"ലാഇലാഹ ഇല്ലല്ലാഹ്" എന്ന് നാവുകൊണ്ട് ഉരുവിട്ടാൽ തന്നെ സ്വർഗത്തിൽ പ്രവേശിക്കുമെന്നാണ് ചിലരുടെ തെറ്റുധാരണ. അതിനാൽ അവിശ്വാസപരമായ കാര്യങ്ങളോ, ശിർക്ക്പരമായ ചെയ്തികളോ അവനിൽ നിന്നുണ്ടയാലുമത് പ്രശ്നമല്ല എന്നവൻ കരുതുന്നു. ഷഹാദത്ത്കലിമഃ (സാക്ഷ്യവാക്യങ്ങൾ) ചൊല്ലിയവൻ നരകത്തിൽ പ്രവേശിക്കുകയില്ല എന്ന അർത്ഥത്തിൽ വന്ന നബിവചനങ്ങളുടെ ബാഹ്യതലങ്ങളെയാണ് ഇവർ അവലംബിക്കുന്നത്.

<u>മറുപടി</u> 'ലാഇലാഹ ഇല്ലല്ലാഹ്' പ്രഖ്യാപിച്ച ശേഷം അതിനു വിരുദ്ധമായി ശിർക്ക് ചെയ്യാതെ മരണപ്പെടുന്നവരാണ് നബിവചനങ്ങളിൽ ഉദ്ദേശിക്കപ്പെടുന്നത്. ആത്മാർത്ഥമായ ഹൃദയത്തോടെ അത് പ്രഖ്യപിക്കുകയും അല്ലാഹു അല്ലാതെ ആരാധിക്കപ്പെടുന്നവയെ മുഴുവൻ കയ്യൊഴിച്ച് അതേ നിലപാടിൽ മരണപ്പെടുകയും ചെയ്തവരാണവർ. ഉത്ബാൻ (റ) നബി(സ) യിൽ നിന്നും ഉദ്ധരിക്കുന്നു: "അല്ലാഹുവിൻെറ മാത്രം പ്രീതി കാംക്ഷിച്ചുകൊണ്ട് ലാഇലാഹ ഇല്ലല്ലാഹ് പ്രഖ്യാപിക്കുന്നവന് അല്ലാഹു നരകം വിലക്കിയിരിക്കുന്നു."[9] മറ്റൊരു നബിവചനം ഇങ്ങനെയാണ്:"ലാഇലാഹ ഇല്ലല്ലാഹ്" പ്രഖ്യപിക്കുകയും അല്ലഹു അല്ലാതെ ആരാധിക്കപ്പെടുന്നവയിൽ അവിശ്വസിക്കുകയും ചെയ്തവൻെറ രക്തവും ധനവും പവിത്രമാണ്. അവൻെറ വിചാരണ അല്ലാഹുവിങ്കലാണ്"[10]. ഇവിടെ ധനത്തിൻെറയും രക്തത്തിൻെറയും പവിത്രത രണ്ടു കാര്യങ്ങളിൽ നബി(സ) ബന്ധപ്പെടുത്തിയിരിക്കുന്നു. ഒന്ന്: ലാഇലാഹ ഇല്ലല്ലാഹ്(ഒരുദൈവവുമില്ല അല്ലാഹുവല്ലാതെ) എന്ന പ്രഖ്യാപനം. രണ്ട്: അല്ലാഹു അല്ലാതെ ആരാധിക്കപ്പെടുന്നവയെ അവിശ്വസിക്കുക. അഥവാ കേവലമായ ഉരുവിടൽ പോര, മറിച്ചു

---
9 മുസ്ലിം 11/456.
10 മുസ്ലിം 1/53

അതോടൊപ്പം തന്നെ അതിനനുസരിച്ച പ്രവർത്തനവും അനിവാര്യമാണ് എന്ന് വ്യക്തം.

അപ്പോൾ 'ലാഇലാഹ ഇല്ലല്ലാഹ്'' എന്ന പ്രഖ്യാപനം സ്വർഗപ്രവേശനത്തിന്റെയും നരകവിമുക്തിയുടെയും അനിവാര്യതയും നിമിത്തവുമാണ്. എന്നാൽ നിമിത്തവും അനിവാര്യതയും അവയുടെ നിബന്ധനകൾ പൂർണമാവുകയും പ്രതിബന്ധങ്ങൾ നീങ്ങുകയും ചെയ്യുമ്പോൾ മാത്രമേ ഫലപ്പെടുകയുള്ളൂ. ഹസൻ (റ) യോട് ചിലർ പറഞ്ഞു: ലാഇലാഹ ഇല്ലല്ലാഹ് എന്ന് ഉരുവിടുന്നവൻ സ്വർഗത്തിൽ പ്രവേശിക്കുമെന്ന് ചില ആളുകൾ പറയുന്നുണ്ടല്ലോ? അദ്ദേഹം പ്രതികരിച്ചു. "ശരിയാണ്. ലാഇലാഹ ഇല്ലല്ലാഹ് പറയുകയും അതിന്റെ അവകാശവും അനിവാര്യതയും പൂർത്തീകരിക്കുകുയും ചെയ്തവൻ സ്വർഗത്തിൽ പ്രവേശിക്കും". വഹബ് ബ്നു മുനബ്ബഹ്(റ) നോട് ചിലർ ചോദിച്ചു: ലാഇലാഹ ഇല്ലല്ലാഹ് സ്വർഗത്തിന്റെ താക്കോലല്ലേ? അദ്ദേഹം പറഞ്ഞു: അതെ, എല്ലാ താക്കോലുകൾക്കും പ്രത്യേക പല്ലുകളുണ്ടാവും. പൂട്ടിനോട് യോജിച്ച പല്ലുകളുണ്ടെങ്കിൽ മാത്രമേ പൂട്ട് തുറക്കുകയുള്ളൂ. അതല്ലാത്തവ കൊണ്ടത് തുറക്കുകയില്ല.

ചിന്തിച്ചുനോക്കുക; അല്ലാഹുവല്ലാത്ത ആരാധ്യരിൽ അവിശ്വസിക്കാതെ, അപകടം വരുമ്പോൾ മരിച്ചവരിൽ അഭയം കണ്ടെത്തുകയും, അവരോട് പ്രാർത്ഥിക്കുകയും ചെയ്യുന്ന ഒരാൾ "ലാഇലാഹ ഇല്ലല്ലാഹ്'' എന്നു ഉരുവിട്ടത് കൊണ്ടുമാത്രം സ്വർഗത്തിൽ പ്രവേശിക്കുകയോ? അതെങ്ങനെയാണ്?

## 4. മുഹമ്മദ് നബി (സ) യുടെ സമുദായത്തിൽ ശിർക്കുണ്ടാവുകയില്ല ?

"മുഹമ്മദ് നബി(സ)യുടെ സമുദായത്തിൽ ശിർക്കുണ്ടാവുകയില്ല; അവരെല്ലാം "ലാഇലാഹ ഇല്ലല്ലാഹ് മുഹമ്മദ് റസൂലുല്ലാഹ്'' എന്ന് പ്രഖ്യാപിക്കുന്നവരാണ്. അതിനാൽ ഔലിയാക്കളുടെയും സ്വാലിഹീങ്ങളുടെയും ഖബറിങ്കൽ

അവർ ചെയ്യുന്നതൊന്നും ശിർക്കായി ഗണിക്കാൻ പറ്റുകയില്ല" ഇതാണ് മറ്റൊരു വാദം.

<u>മറുപടി:</u> ജൂത ക്രിസ്ത്യാനികളുടെ നടപടികൾ പിൻപറ്റുന്ന ഒരവസ്ഥ സമുദായത്തിനുണ്ടാവുമെന്ന് നബി(സ) പറഞ്ഞിട്ടുണ്ട്. പണ്ഡിതന്മാരെയും പുരോഹിതന്മാരെയും അല്ലഹുവിന് പുറമെ റബ്ബുകളായി സ്വീകരിച്ചവരാണവർ. നബി (സ) പറഞ്ഞു: പൂർവ്വസമുദായങ്ങളുടെ നടപടികൾ അക്ഷരം പ്രതി നിങ്ങൾ അനുകരിക്കുക തന്നെ ചെയ്യും. എത്രത്തോളമെന്നാൽ അവർ ഉടുമ്പുമാളത്തിൽ കടന്നുചെന്നിട്ടുണ്ടെങ്കിൽ നിങ്ങളുമതിൽ കടന്നുചെല്ലും. അനുചരന്മാർ ചോദിച്ചു. ദൈവദൂതരെ, ജൂത-കൃസ്ത്യനികളെയാണോ താങ്കൾ ഉദ്ദേശിക്കുന്നത്? അദ്ദേഹം പറഞ്ഞു: അല്ലാതെ മറ്റാരെയാണ്? 11

മത-രാഷ്ട്രീയ സാമ്പ്രദായിക രംഗങ്ങളിലെല്ലാം പൂർവസമുദായങ്ങളെ ഭാവിയിൽ ഈ സമുദായവും പിൻപറ്റുമെന്നാണ് നബി(സ) പറഞ്ഞത്. തീർച്ചയായും അവിടുത്തെ പ്രവചനം പുലർന്നിരിക്കുന്നു. നോക്കുക, ഇവിടെ ഖബറുകൾ അല്ലാഹുവിനു പുറമെ ആരാധിക്കപ്പെടുന്നു! നബി(സ) പറയുകയുണ്ടായി; തന്റെ സമുദായത്തിലെ ഒരു വിഭാഗം ബഹുദൈവാരാധകരുമായി ചേരുകയും വിഗ്രഹപൂജ നടത്തുകയും ചെയ്യുന്നത്‌വരെ ലോകാവസാനം ഉണ്ടാകുകയില്ല. 12 ഇപ്പോഴിതാ ഈ സമുദായത്തിൽ ശിർക്കും അപകടകരമായ സിദ്ധാന്തങ്ങളും വഴിപിഴച്ച സരണികളും ഉടലെടുത്തിരിക്കുന്നു. അതുവഴി നിരവധിപേർ ഇസ്ലാമിക വൃത്തത്തിൽ നിന്നുതന്നെ പുറത്തുപോയിരിക്കുകയാണ്!

11 ബുഖാരി 13/300(ഫത്ഹുൽബാരി)
12 അബൂദാവൂദ് 4252.

# 5. അറേബ്യയിൽ പിശാച് ആരാധിക്കപ്പെടുകയില്ല ?

മറ്റൊരു തെളിവ് നബി(സ)യുടെ വചനമാണ്. അവിടുന്ന് അരുളുകയുണ്ടായി; അറേബ്യൻ ദ്വീപിലെ നമസ്കരിക്കുന്നവൻ തനിക്ക് ആരാധനയർപ്പിക്കുന്ന അവസ്ഥയെതൊട്ട് പിശാചിന് നിരാശ ബാധിച്ചിരിക്കുന്നു. ഇമാം മുസ്‌ലിം റിപ്പോർട്ട് ചെയ്ത ഈ ഹദീസിന്റെ വെളിച്ചത്തിൽ അറേബ്യയിൽ ശിർക്കുണ്ടാവുക അസംഭവ്യമാണ് എന്നാണ് ചിലരുടെ വാദം.

<u>മറുപടി.</u> ഇമാം ഇബ്നു റജബ് വ്യക്തമാക്കിയ പോലെ അറേബ്യയിലെ മുസ്‌ലിംകളെല്ലാം ശിർക്കിൽ യോജിക്കുകയില്ല എന്നാണ് ഈ ഹദീസിന്റെ ആശയം. "ഇന്ന് സത്യനിഷേധികൾ നിങ്ങളുടെ മതത്തെ നേരിടുന്ന കാര്യത്തിൽ നിരാശപ്പെട്ടിരിക്കുന്നു"[13] എന്ന സൂക്തത്തിന്റെ വ്യാഖ്യാനത്തിൽ ഇമാം ഇബ്നുകസീറും അക്കാര്യത്തിലേക്ക് വിരൽ ചൂണ്ടുന്നുണ്ട്.

മാത്രമല്ല, പിശാച് നിരാശപ്പെട്ടിരിക്കുന്നു എന്നാണ് നബി(സ) യുടെ പദപ്രയോഗം. അല്ലാതെ പിശാച് നിരാശനാക്കപ്പെട്ടിരിക്കുന്നു എന്നല്ല. അഥവാ പിശാചിന് സ്വയമുണ്ടാകുന്നതാണ് നിരാശ, അതാകട്ടെ വ്യക്തമായ അറിവിന്റെ വെളിച്ചത്തിലല്ല. ഊഹവും അവന്റെ കണക്കുകൂട്ടലും മാത്രമാണ്. കാരണം പിശാചിന് ഗൈബ്(അദൃശ്യം) അറിയില്ല. ഭാവിയിൽ ശിർക്ക് ഉണ്ടാവുമോ ഇല്ലേ എന്ന അറിവ് ഗൈബിൽ പെട്ടതാണ്. അല്ലാഹുവിനു മാത്രമേ അത് അറിയുകയുള്ളു. മാത്രമല്ല, പിശാചിന്റെ ഊഹം അസത്യമാണെന്ന് നബി (സ) യിൽ നിന്നും സ്ഥിരപ്പെട്ടുവന്ന വചനങ്ങൾ തെളിയിക്കുന്നു. തനിക്കുശേഷം തന്റെ സമുദായത്തിൽ ശിർക്കുണ്ടാവുമെന്ന് അവിടുന്ന് അരുളിയിട്ടുണ്ട്. അതുപോലെ പിശാചിന്റെ ഊഹം തെറ്റാണെന്ന് പ്രയോഗത്തിലും തെളിഞ്ഞിരിക്കുന്നു. നബി (സ) യുടെ മരണ ശേഷം ധാരാളം അറബികൾ പലരീതിയിൽ

---
13 മാഇദ: 3

മതപരിത്യാഗികളായി ഇസ്‌ലാമിൽനിന്നും പുറത്തു പോയിട്ടുണ്ടല്ലോ.

## 6. ഞങ്ങൾ ശഫാഅത്ത് മാത്രമേ ചോദിക്കുന്നുള്ളൂ. !

'ശഫാഅത്തിൽ' പിടിച്ചുതൂങ്ങികൊണ്ടാണ് മറ്റൊരു ന്യായം. ഔലിയാക്കളും സ്വാലിഹീങ്ങളും അല്ലാഹുവെ കൂടാതെതന്നെ ആവശ്യങ്ങൾ നിവർത്തിച്ചുതരുമെന്ന് ഞങ്ങൾ കരുതുന്നില്ല. മറിച്ചു ഞങ്ങൾക്കുവേണ്ടി അല്ലാഹുവോട് അവർ ശുപാർശ (ശഫാഅത്ത്) ചെയ്യണമെന്ന് മാത്രമാണ് ഞങ്ങൾ ഉദ്ദേശിക്കുന്നത്. കാരണം അല്ലാഹുവിങ്കൽ ഉന്നതമായ പദവിയും വിശുദ്ധിയും ഉള്ളവരാണല്ലോ അവർ ? ശഫാഅത്താകട്ടെ ഖുർആൻകൊണ്ടും ഹദീസുകൊണ്ടും സ്ഥിരപ്പെട്ട കാര്യവുമാണ്. അത് മാത്രമേ ഞങ്ങൾ ആഗ്രഹിക്കുന്നുള്ളൂ.

<u>മറുപടി.</u> അല്ലാഹുവിനു പുറമേ സൃഷ്ടികളെ അവലംബിക്കുവാൻ തെളിവായി പൂർവ്വീകരായ ബഹുദൈവാരാധകർ ഇതേവാദം തന്നെയാണ് ഉന്നയിച്ചിരിക്കുന്നത്. അല്ലാഹു പറയുന്നത്കാണുക:

وَ الَّذِينَ اتَّخَذُوا مِنْ دُونِهِ أَوْلِيَاءَ مَا نَعْبُدُهُمْ اِلاَّ لِيُقَرِّبُونَا اِلَى اللهِ زُلْفَى

"അവനുപുറമെ ഔലിയാക്കളെ സ്വീകരിച്ചവർ (പറയുന്നു) അല്ലാഹുവിങ്കലേക്ക് ഞങ്ങൾക്ക് കൂടുതൽ അടുപ്പമുണ്ടാക്കിത്തരാൻ വേണ്ടി മാത്രമാകുന്നു ഞങ്ങൾ അവരെ ആരാധിക്കുന്നത്." [14]

وَ يَعْبُدُونَ مِنْ دُونِ اللهِ مَا لاَ يَضُرُّهُمْ وَ لاَ يَنْفَعُهُمْ وَ يَقُولُونَ هٰؤُلاَءِ شُفَعَاؤُنَا عِنْدَ اللهِ

"അവർക്ക് ഉപദ്രവമോ ഉപകാരമോ ചെയ്യാത്തതിനെ, അല്ലാഹുവിനു പുറമെ അവർ ആരാധിച്ചു കൊണ്ടിരിക്കുന്നു. ഇവർ

14 സുമർ :3

(ആരാധ്യർ) അല്ലാഹുവിൻെറ അടുക്കൽ ഞങ്ങൾക്കുള്ള ശുപാർശകരാണ്‌ എന്ന്‌ പറയുകയും ചെയ്യുന്നു." 15

ശഫാഅത്ത്‌ എന്നത്‌ ഒരു യാഥാർത്‌ഥ്യം തന്നെയാണ്‌. പക്ഷെ, അതിൻെറ ഉടമസ്‌ഥാവകാശം അല്ലാഹുവിന്‌ മാത്രമാണ്‌.

قُلْ لِلّٰهِ الشَّفَاعَةُ جَمِيعًا لَهُ مُلْكُ السَّمَاوَاتِ وَ الأَرْضِ

"പറയുക: ശുപാർശ മുഴുവൻ അല്ലാഹുവിന്നാകുന്നു. അവനാകുന്നു ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യവും" 16

അതിനാൽ ശുപാർശ ചോദിക്കേണ്ടത്‌ അല്ലാഹുവോടാണ്‌, മരിച്ചവരോടല്ല.

രണ്ടു നിബന്‌ധനകൾക്ക്‌ വിധേയമായാണ്‌ ശുപാർശയെന്ന്‌ അല്ലാഹു നമ്മെ അറിയിച്ചിട്ടുണ്ട്‌. (ഒന്ന്‌) ശുപാർശ ചെയ്യുന്നവന്‌ ശുപാർശ നടത്താൻ അല്ലാഹുവിൻെറ അനുമതി വേണം. അല്ലാഹു പറയുന്നു:

مَنْ ذَا الَّذِي يَشْفَعُ عِنْدَهُ اِلاَّ بِإِذْنِهِ

"അവൻെറ അനുവാദപ്രകാരമല്ലാതെ അവൻെറ അരികിൽ ശുപാർശ നടത്താനാരുണ്ട്‌? 17

(രണ്ട്‌) ശുപാർശ ലഭിക്കേണ്ടവൻ അല്ലാഹു തൃപ്‌തിപ്പെട്ട വാക്കുകളുടെയും പ്രവർത്തനങ്ങളുടെയും ഉടമയാകണം. അവനത്രെ ഏകദൈവാരാധകനായ സത്യവിശ്വാസി. അല്ലാഹു പറയുന്നു:

وَ لاَ يَشْفَعُونَ اِلاَّ لِمَنْ ارْتَضَى

---
15 യൂനുസ്‌ : 18
16 സുമർ : 44
17 അൽ ബഖറ: 255

"അവൻ തൃപ്തിപ്പെട്ടവർക്കു വേണ്ടിയല്ലാതെ അവർ ശുപാർശ നടത്തുകയില്ല" 18

وَكَمْ مِنْ مَلَكٍ فِي السَّمٰوَاتِ لاَ تُغْنِي شَفَاعَتُهُمْ شَيْئًا اِلاَّ مِنْ بَعْدِ أَنْ يَأْذَنَ اللّٰهُ لِمَنْ يَشَاءُ وَ يَرْضَى

"ആകാശത്തിൽ എത്ര മലക്കുകളാണുള്ളത്! അവരുടെ ശുപാർശ യാതൊരു പ്രയോജനവും ചെയ്യുകയില്ല. അല്ലാഹു, അവനുദ്ദേശിക്കുകയും തൃപ്തിപ്പെടുകയും ചെയ്യുന്നവർക്ക് അനുവാദം നൽകിയതിന്റെ ശേഷമല്ലാതെ" 19

يَوْمَئِذٍ لا تَنْفَعُ الشَّفَاعَةُ اِلاَّ مَنْ أَذِنَ لَهُ الرَّحْمٰنُ وَ رَضِيَ لَهُ قَوْلاً

"അന്നേദിവസം പരമകാരുണികൻ ആരുടെ കാര്യത്തിൽ അനുമതി നൽകുകയും, ആരുടെ വാക്ക് തൃപ്തിപ്പെടുകയും ചെയ്തിരിക്കുന്നുവോ അവനല്ലാതെ ശുപാർശ പ്രയോജനപ്പെടുകയില്ല." 20

മലക്കുകളോടോ, പ്രവാചകന്മാരോടോ, വിഗ്രഹങ്ങളോടോ ശഫാഅത്ത് ചോദിക്കാൻ അല്ലാഹു അനുമതി നൽകിയിട്ടില്ല. ശഫാഅത്ത് മുഴുവൻ അവന്റെ ഉടമസ്ഥതയിലാണ്. അതിനാൽ അവനോട് തന്നെ അത് ചോദിക്കണം. ശുപാർശകന് ശുപാർശ നടത്തുവാനുള്ള അനുമതി നൽകുന്നവനും അല്ലാഹുവാണ്. അവൻ അനുവദിച്ചില്ലെങ്കിൽ ഒരാളും അവന്റെ മുമ്പിൽ ശുപാർശകനായി വരികയില്ല.

അനുമതി ലഭിക്കാത്തവരും ശുപാർശകരായി വരുന്ന സമ്പ്രദായം സൃഷ്ടികൾക്കിടയിൽ ഉണ്ടാവാറുണ്ട്. ഇഷ്ടപ്പെട്ടില്ലെങ്കിലും ശുപാർശകരുടെ ശുപാർശ സ്വീകരിക്കപ്പെടാറും ഉണ്ട്. കാരണം ശുപാർശ സ്വീകരിക്കേണ്ട

18 അമ്പിയാഅ് : 28
19 അന്നജ്മ് : 26
20 ത്വാഹ : 109

വ്യക്തിക്ക് ശുപാർശകൻെറ സഹകരണം ആവശ്യമാണ്. അതിനാൽ താൻ അനുവാദം നല്കിയില്ലെങ്കിലും അവൻെറ ശുപാർശ സ്വീകരിക്കാൻ അയാൾ നിർബന്ധിതനാകുന്നു. ഇതാണ് സൃഷ്ടികളിലെ അവസ്ഥ. എന്നാൽ അല്ലാഹുവിന് ഇത്തരം നിർബന്ധിതാവസ്ഥയില്ല. അവൻ പരമപരിശുദ്ധനും പരാശ്രയമില്ലത്തവനുമാണ്. അവന് ഒരാളുടെയും സേവനം ആവശ്യമില്ല. എല്ലാവരും അവൻെറ ആശ്രിതരാണ്.

അതുപോലെ പ്രജകളുടെ എല്ലാ അവസ്ഥയും മനുഷ്യൻ അറിയുന്നില്ല. ശുപാർശകർ അവനെ അറിയിക്കുകയാണ്. എന്നാൽ അല്ലാഹു എല്ലാം സൂക്ഷ്മമായി അറിയുന്നവനാണ്. തൻെറ സൃഷ്ടികളുടെ ഒരവസ്ഥയും അവനു ഗോപ്യമല്ല. അതിനാൽ വിഷയം ധരിപ്പിക്കുവാൻ ഒരാളുടെയും സേവനം അവന് ആവശ്യമില്ല.

നിഷ്കളങ്കരായ ആളുകൾക്ക് ഔദാര്യമെന്നോണം അല്ലാഹു പൊറുത്തുകൊടുക്കുകയും മാപ്പ് നൽകുകയും ചെയ്യുന്നു. അതാവട്ടെ, താൻ ശുപാർശനടത്താൻ അനുവാദം നൽകിയവരെ ബഹുമാനിക്കുവാൻ വേണ്ടി അവരുടെ പ്രാർത്ഥന മുഖേന ചെയ്യുന്നു എന്നുമാത്രം. അതാണ് അല്ലാഹുവിങ്കലുള്ള ശുപാർശയുടെ യഥാർത്ഥത്തിലുള്ള അവസ്ഥ.

## 7. ഞങ്ങൾ മഹാന്മാരെ സ്നേഹിക്കുകയാണ് ?

ഔലിയാക്കൾക്കും സ്വാലിഹീങ്ങൾക്കും അല്ലാഹുവിങ്കൽ ഉന്നത സ്ഥാനമുണ്ടെന്ന് അല്ലാഹു പറയുന്നുണ്ടല്ലോ.

الا انّ أوْلِيَاءَ اللّه لا خَوْفٌ عَلَيْهِمْ وَ لاهُمْ يَحْزَنُونَ. الّذِينَ آمَنُوا

وَ كَانُوا يَتّقُونَ. لَهُمُ الْبُشْرَى فِي الحَيَاةِ الدّنْيَا وَ فِي الآخِرَةِ .

"ശ്രദ്ധിക്കുക, തീർച്ചയായും അല്ലാഹുവിൻെറ ഔലിയാക്കൾ (മിത്രങ്ങൾ) ആരോ അവർക്ക് യാതൊരു ഭയവുമില്ല. അവർ ദു:ഖിക്കേണ്ടിവരികയുമില്ല. വിശ്വസിക്കുകയും സൂക്ഷ്മത പാലിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നവരത്രെ അവർ. അവർക്കാണ് ഐഹിക ജീവിതത്തിലും പരലോകത്തും സന്തോഷവാർത്തയുള്ളത്"[21]

അതിനാൽ അവരുമായി ബന്ധപ്പെട്ടുകഴിയുക, അവർ ഉപയോഗിച്ച വസ്തുക്കൾകൊണ്ട് "ബർക്കത്തു" തേടുക തുടങ്ങിയ കാര്യങ്ങൾ അവരോടുള്ള സ്നേഹവും ബഹുമാനവുമാണ്. അതുപോലെത്തന്നെയാണ് അവരുടെ "ഹഖ്"കൊണ്ടും "ജാഹു"കൊണ്ടും അല്ലാഹുവോട് തേടുന്നതും. ഇതാണ് മറ്റൊരു ന്യായം.

<u>മറുപടി</u>: വിശ്വാസത്തിനും കർമ്മത്തിനുമനുസരിച്ച് ഏറ്റക്കുറവ് ഉണ്ടാകാമെങ്കിലും എല്ലാ സത്യവിശ്വാസികളും അല്ലാഹുവിൻെറ ഔലിയാക്കളാണ്. എന്നാൽ ഒരു വ്യക്തിയെപ്പറ്റി "വലിയ്യ്" എന്ന് ഖണ്ഡിതമായി പറയാൻ ഖുർആനിലോ സുന്നത്തിലോ രേഖവേണം. ഖുർആനും സുന്നത്തും ആരെയെല്ലാം ഔലിയാക്കളെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ടോ അവരെ നാമും സാക്ഷ്യപ്പെടുത്തുന്നു. ആരെക്കുറിച്ച് അങ്ങനെയൊന്നും സാക്ഷ്യപ്പെടുത്തിയിട്ടില്ലയോ അവരെപ്പറ്റി നാം ഖണ്ഡിതമായി ഒന്നും പറയാൻ പാടില്ല. പക്ഷെ എല്ലാ സത്യവിശ്വാസികൾക്കും നാം നന്മ ആഗ്രഹിക്കുകയും ചെയ്യുക.

ഖുർആനിലോ സുന്നത്തിലോ ഒരാളെപ്പറ്റി ഔലിയാക്കളിൽപ്പെട്ടവൻ എന്ന് സ്ഥിരീകരിച്ചാൽ തന്നെ അയാളുടെ ഹഖ്ഖുകൊണ്ടും ജാഹുകൊണ്ടും അല്ലാഹുവോട് പ്രാർത്ഥിക്കുവാൻ പാടില്ല. 'ബർക്കത്തു തേടാനോ', അവരോടുള്ള സേ്നഹത്തിൽ പരിധിവിടാനോ പാടില്ല. കാരണം അതെല്ലാം ശിർക്കിലേക്കുള്ള കവാടങ്ങളും നിഷിദ്ധമാക്കപ്പെട്ട ബിദ്അത്തുകളുമാണ്. നാമെല്ലാം സദ്വൃത്തരായ

21 യൂനുസ് 62-64

സത്യവിശ്വാസികളെ സ്നേഹിക്കുന്നു. സൽകർമ്മങ്ങങ്ങളിൽ നാം അവരെ അനുഗമിക്കുന്നു. എന്നാൽ അവർക്കുള്ളതിൽ കവിഞ്ഞ സ്ഥാനത്തേക്ക് അവരെ നാം ഉയർത്താൻ പാടില്ല. സദ്വൃത്തരെ ബഹുമാനിക്കുന്നതിൽ അതിരുവിട്ടുപോയതാണ് ബഹുദൈവാരാധനയുടെ തുടക്കം. അതാണ് നൂഹ് നബി(അ) യുടെ ജനതയിൽ സംഭവിച്ചത്. അവർ സച്ചരിതരായ വ്യക്തികളോട് ആദരവ് പ്രകടിപ്പിക്കുന്നതിൽ പരിധിവിട്ടു. അങ്ങനെ അല്ലാഹുവിനെ കൂടാതെ അവരെ ആരാധിക്കുന്ന അവസ്ഥയുണ്ടായി. അതുതന്നെയാണ് ഈ സമുദായത്തിലും സംഭവിച്ചത്. സ്വാലിഹീങ്ങളുടെ കാര്യത്തിൽ സമുദായം പരിധിവിട്ടു. അപ്പോൾ അവരുടെ ആരാധനയിൽ ശിർക്കുണ്ടായി. അതിരുകവിയുന്നതിനെപറ്റി അല്ലാഹുവും ദൂതരും താക്കീത്നല്കിയത് നോക്കുക. അല്ലാഹു പറയുന്നു:

قُلْ يَا أَهْلَ الْكِتَابِ لَا تَغْلُوا فِي دِينِكُمْ غَيْرَ الْحَقِّ

"(നബിയേ) പറയുക: വേദക്കാരെ, സത്യത്തിനെതിരായി നിങ്ങളുടെ മതകാര്യത്തിൽ നിങ്ങൾ അതിരു കവിയരുത്" 22

നബി പറഞ്ഞു:

لَا تُطْرُونِي كَمَا أَطْرَتِ النَّصَارَى ابْنَ مَرْيَمَ . إِنَّمَا أَنَا عَبْدٌ فَقُولُوا عَبْدُ اللهِ وَرَسُولُهُ

"ക്രൈസ്ത്യാനികൾ മർയമിൻെറ പുത്രനെ വാഴ്ത്തിയപോലെ നിങ്ങൾ എന്നെ വാഴ്ത്തരുത്. ഞാൻ ഒരു ദാസൻ മാത്രമാണ്. അതിനാൽ ദൈവത്തിൻെറ ദാസനും ദൂതനും എന്ന് എന്നെപ്പറ്റി നിങ്ങൾ പറയുക." 23

ഒരു 'വലിയ്യി'ൻെറയും മറ്റാരുടെയും മാദ്ധ്യമം കൂടാതെ തന്നോട് നേരിട്ട് പ്രാർത്ഥിക്കണമെന്നാണ് അല്ലാഹു നമ്മോട് കൽപിച്ചത്. നമ്മുടെ പ്രാർത്ഥനയ്ക്ക് ഉത്തരംനല്കുമെന്നവൻ നമ്മോട് വാഗ്ദത്തം ചെയ്തിട്ടുമുണ്ട്. അവൻ ഒരിക്കലും വാഗ്ദത്തം ലംഘിക്കുകയില്ല. അല്ലാഹു പറയുന്നു:

---

22 മാഇദ : 77

23 ബുഖാരി6/478(ഫത്ഹുൽബാരി)

وَ قَالَ رَبُّكُمُ ادْعُونِي أَسْتَجِبْ لَكُمْ

"നിങ്ങളുടെ രക്ഷിതാവ് പറഞ്ഞിരിക്കുന്നു. നിങ്ങൾ എന്നോട് പ്രാർത്ഥിക്കൂ, ഞാൻ നിങ്ങൾക്ക് ഉത്തരം നല്കാം."24

وَ اِذَا سَأَلَكَ عِبَادِي عَنِّي فَاِنِّي قَرِيبٌ اُجِيبُ دَعْوَةَ الدَّاعِي اِذَا دَعَانِ فَلْيَسْتَجِيبُوا لِي وَلْيُؤْمِنُوا بِي

"നിന്നോട് എന്റെ ദാസന്മാർ എന്നെപ്പറ്റി ചോദിച്ചാൽ ഞാൻ (അവർക്ക് ഏറ്റവും) അടുത്തുള്ളവനാകുന്നു (എന്നു പറയുക). പ്രാർത്ഥിക്കുന്നവൻ എന്നെ വിളിച്ച് പ്രാർത്ഥിച്ചാൽ ഞാൻ ആ പ്രാർത്ഥനക്ക് ഉത്തരം നല്കുന്നതാണ്. അതുകൊണ്ട് എന്റെ ആഹ്വാനം അവർ സ്വീകരിക്കുകയും എന്നിൽ അവർ വിശ്വസിക്കുകയും ചെയ്യട്ടെ." 25

اُدْعُوا رَبَّكُمْ تَضَرُّعًا وَ خُفْيَةً

"താഴ്മയോടുകൂടിയും രഹസ്യമായിക്കൊണ്ടും നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനോട് പ്രാർത്ഥിക്കുക." 26

هُوَ الْحَيُّ لاَ اِلَهَ اِلاَّ هُوَ فَادْعُوهُ مُخْلِصِينَ لَهُ الدِّينَ

അവനാകുന്നു ജീവിച്ചിരിക്കുന്നവൻ. അവനല്ലാതെ യാതൊരു ദൈവവുമില്ല. അതിനാൽ കീഴ്വണക്കം അവനു നിഷ്കളങ്കമാക്കിക്കൊണ്ട് അവനോടു നിങ്ങൾ പ്രാർത്ഥിക്കുക."

ഇങ്ങനെ, ഖുർആൻ സൂക്തങ്ങളെല്ലാം യാതൊരു മദ്ധ്യവർത്തിയുമില്ലാതെ നേരിട്ട് പ്രാർത്ഥിക്കാനാണ് കൽപിക്കുന്നത്. മാത്രമല്ല, ഔലിയാക്കളും സ്വാലിഹീങ്ങളും തന്നെ അല്ലാഹുവിന്റെ കാരുണ്യം തേടുന്ന ദരിദ്രരായ അടിമകളാണ്.

24 ഗാഫിർ ; 60
25 അൽ ബഖറ: 184
26 അഅ്റാഫ് 55

അല്ലാഹു പറയുന്നത് നോക്കുക:

أُولَٰئِكَ الَّذِينَ يَدْعُونَ يَبْتَغُونَ إِلَىٰ رَبِّهِمُ الْوَسِيلَةَ أَيُّهُمْ أَقْرَبُ وَيَرْجُونَ رَحْمَتَهُ وَيَخَافُونَ عَذَابَهُ

"ആരെയാണോ അവർ വിളിച്ചു പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നത്, അവർതന്നെ തങ്ങളുടെ രക്ഷിതാവിങ്കലേക്ക് സമീപനമാർഗം തേടിക്കൊണ്ടിരിക്കുകയാണ്. അതെ, അവരുടെ കൂട്ടത്തിൽ അല്ലാഹുവോട് ഏറ്റവും അടുത്തവർ തന്നെ (അപ്രകാരം തേടുന്നു), അവർ അവന്റെ കാരുണ്യം ആഗ്രഹിക്കുകയും അവന്റെ ശിക്ഷ ഭയപ്പെടുകയും ചെയ്യുന്നു". 27

ഇബ്നു അബ്ബാസ് (റ) പറഞ്ഞു: ഞങ്ങൾ മലക്കുകളെയും യേശുവിനെയും ഉസൈറിനെയുമൊക്കെയാണ് ആരാധിക്കുന്നത് എന്നു പറയുന്ന ബഹുദൈവാരാധകർക്ക് അല്ലാഹുവിന്റെ മറുപടിയാണ് മേൽ സൂക്തം. അഥവാ അവരുടെ ആരാധ്യരിൽപെട്ട മലക്കുകൾ തന്നെ അല്ലാഹുവിന്റെ സാമീപ്യത്തിനുവേണ്ടി വ്യഗ്രത കൂട്ടുകയാണ്. അവന്റെ കാരുണ്യം ആഗ്രഹിക്കുകയും ശിക്ഷ ഭയപ്പെടുകയും ചെയ്യുന്നു. ഇതാണവരുടെ അവസ്ഥ. പിന്നെ അല്ലാഹുവോടൊപ്പം അവർ പ്രാർത്ഥിക്കപ്പെടാൻ കൊള്ളുമോ?.28

ശൈഖുൽ ഇസ്ലാം ഇബ്നുതൈമിയ്യ: പറഞ്ഞു: "മലക്കുകൾ, ജിന്ന്, മനുഷ്യൻ മുതലായ ദൈവദാസന്മാരെ ആരാധ്യരാക്കിയ എല്ലാവരെയും ഈ സൂക്തം ഉൾക്കൊള്ളുന്നു. അല്ലാഹുവെ കൂടാതെ മറ്റുള്ളവരോട് പ്രാർത്ഥിച്ച എല്ലാവരെയും അഭിസംബോധനചെയ്തുകൊണ്ടാണ് അല്ലാഹു പറയുന്നത്; പ്രാർത്ഥിക്കപ്പെടുന്നവർതന്നെ അല്ലാഹുവിന്റെ സാമീപ്യം തേടുകയും അവന്റെ അനുഗ്രഹം കൊതിക്കുകയും ശിക്ഷ ഭയപ്പെടുകയും ചെയ്യുന്നുവെന്ന്. അതിനാൽ മലക്കുകളോടും ജിന്നുകളോടും പ്രാർത്ഥിച്ചവരെ ഉൾക്കൊള്ളുന്നതു പോലെ

---
27 ഇസ്റാഅ് 57
28 ഇബ്നുകസീർ.

മരണപ്പെട്ടവരോ കൺമുമ്പിലില്ലാത്തവരോ ആയ അമ്പിയാക്കളോടും സ്വാലിഹുകളോടും പ്രാർത്ഥിക്കുന്നവരെയും ഈ സൂക്തം ഉൾക്കൊള്ളുന്നു. ആ പ്രാർത്ഥന "ഇസ്തിഗാസ" എന്ന പദം പ്രയോഗിച്ചുകൊണ്ടായാലും അല്ലെങ്കിലും ശരി.

## 8. വസീലതേടാൻ ഖുർആൻ പറയുന്നു?

"സത്യവിശ്വാസികളെ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും അവനിലേക്ക് 'വസീല' തേടുകയും ചെയ്യുക.[29]

"ആരെയാണോ അവർ വിളിച്ചു പ്രാർത്ഥിക്കുന്നത് അവർതന്നെ തന്റെ രക്ഷിതാവിങ്കലേക്ക് "വസീല" തേടുകയാണ്. അതെ അവരുടെ കൂട്ടത്തിൽ അല്ലാഹുവോട് ഏറ്റവും അടുത്തവർ തന്നെ."[30]

ഈ സൂക്തങ്ങളുടെ വെളിച്ചത്തിൽ അല്ലാഹുവിനും മനുഷ്യനുമിടയിൽ അമ്പിയാക്കളെയും സ്വാലിഹീങ്ങളെയും ഇടയാളന്മാരായി സ്വീകരിക്കാമെന്നവർ മനസ്സിലാക്കുന്നു. അങ്ങനെ, അവരുടെ ദാത്കൊണ്ടും ഹഖുകൊണ്ടും ജാഹ്കൊണ്ടും "തവസ്സുൽ"ചെയ്യാമെന്നവർ വാദിക്കുന്നു.

<u>മറുപടി:</u> മുകളിലെ രണ്ടു സൂക്തങ്ങളിലും പരാമർശിച്ച 'വസീല' യുടെ ഉദ്ദേശ്യം അവർ മനസ്സിലാക്കിയപോലെ അല്ലാഹുവിനും മനുഷ്യനുമിടയിൽ മദ്ധ്യവർത്തികളെ സ്വീകരിക്കുക എന്നല്ല. മറിച്ച് സൽകർമ്മങ്ങൾ മുഖേന അല്ലാഹുവിലേക്ക് സാമീപ്യംതേടുക എന്നാണ്.

അതിനാൽ തവസ്സുൽ രണ്ടു വിധമുണ്ട്. അനുവദനീയമായ തവസ്സുലും നിഷിദ്ധമായ തവസ്സുലും

---
29 അൽ മാഇദ : 35
30 അൽ ഇസ്റാഅ് : 85

## അനുവദനീയമായ തവസ്സുലിന്റെ രൂപങ്ങൾ.

1. അല്ലാഹുവിന്റെ ഉത്തമനാമങ്ങളും ഗുണവിശേഷണങ്ങളും മുഖേന അവന്റെ സാമീപ്യം തേടുക. അല്ലാഹു പറയുന്നു:

وَ لِلّٰهِ الْأَسْمَاءُ الْحُسْنَى فَادْعُوهُ بِهَا

"അല്ലാഹുവിന് ഏറ്റവും നല്ലപേരുകളുണ്ട്. അതിനാൽ ആ പേരുകൾകൊണ്ട് അവനെ നിങ്ങൾ വിളിച്ചുകൊള്ളുക."[31]

കരുണയുള്ളവരിൽ വെച്ച് ഏറ്റവും കാരുണികനായ അല്ലാഹുവേ, സ്നേഹദാതാവേ, അനുഗ്രഹം ചൊരിയുന്നവനേ, മഹത്വമുടയവനെ നിന്നോട് ഞാൻ ഇന്നയിന്ന കാര്യങ്ങൾ ചോദിക്കുന്നു. എന്നിങ്ങനെ പ്രാർത്ഥിക്കുക എന്നർത്ഥം.

2. തന്റെ ദരിദ്രാവസ്ഥയും ദൈവികസഹായത്തിന്റെ ആവശ്യകതയും എടുത്തുപറഞ്ഞുകൊണ്ട് നടത്തുന്ന പ്രാർത്ഥന. അതിൽ പെട്ടതാണ് അയ്യൂബ് നബി (അ) യുടെ പ്രാർത്ഥന.

وَ أَيُّوبَ إِذْ نَادَى رَبَّهُ أَنِّي مَسَّنِيَ الضُّرُّ وَ أَنْتَ أَرْحَمُ الرَّاحِمِينَ

"അയ്യൂബിനെയും (ഓർക്കുക) തന്റെ രക്ഷിതാവിനെ വിളിച്ചുകൊണ്ട് അദ്ദേഹം ഇപ്രകാരം പ്രാർത്ഥിച്ച സന്ദർഭം. എനിക്കിതാ കഷ്ടപ്പാട് ബാധിച്ചിരിക്കുന്നു. നീ കാരുണികരിൽ വെച്ച് ഏറ്റവും കരുണയുള്ളവനല്ലോ."[32]

അതുപോലെ സകരിയ്യ നബി (അ) പ്രാർത്ഥിച്ചു:

قَالَ رَبِّ إِنِّي وَهَنَ الْعَظْمُ مِنِّي وَ اشْتَعَلَ الرَّأْسُ شَيْبًا وَ لَمْ أَكُنْ بِدُعَائِكَ رَبِّي شَقِيًّا

"അദ്ദേഹം പറഞ്ഞു: എന്റെ രക്ഷിതാവെ, എന്റെ എല്ലുകൾ ബലഹീനമായിക്കഴിഞ്ഞിരിക്കുന്നു. തലയാണെങ്കിൽ

---

31 അഅ്റാഫ് : 180

32 അംബിയാഅ് : 83

നരച്ചുതിളങ്ങുന്നതായിരിക്കുന്നു. എന്റെ രക്ഷിതാവേ, നിന്നോട് പ്രാർത്ഥിച്ചിട്ട് ഞാൻ ഭാഗ്യം കെട്ടവനായിട്ടില്ല."[33]
യൂനുസ് നബി (അ) പ്രാർത്ഥിച്ചു:

انْ لاَ اِلَهَ اِلاَّ انْتَ سُبْحَانَكَ اِنِّي كُنْتُ مِنَ الظَّالِمِينَ

"നീയല്ലാതെ യാതൊരു ദൈവവുമില്ല. നീ എത്ര പരിശുദ്ധൻ! തീർച്ചയായും ഞാൻ അക്രമികളിൽ പെട്ടവനായിരിക്കുന്നു."[34]

3. സൽകർമ്മങ്ങൾ എടുത്തുപറഞ്ഞുകൊണ്ട് നടത്തുന്ന പ്രാർത്ഥന ഉദാഹരണമായി അല്ലാഹു പറയുന്നത് നോക്കുക:

رَبَّنَا اِنَّنَا سَمِعْنَا مُنَادِيًا يُنَادِي لِلاِيمَانِ أَنْ آمِنُوا بِرَبِّكُمْ فَآمَنَّا .

رَبَّنَا فَاغْفِرْ لَنَا ذُنُوبَنَا وَ كَفِّرْ عَنَّا سَيِّئَاتِنَا وَ تَوَفَّنَا مَعَ الأَبْرَارِ .

"ഞങ്ങളുടെ രക്ഷിതാവേ, സത്യവിശ്വാസത്തിലേക്ക് ക്ഷണിക്കുന്ന ഒരു പ്രബോധകൻ 'നിങ്ങൾ നിങ്ങളുടെ രക്ഷിതാവിൽ വിശ്വസിക്കുവിൻ' എന്നു പറയുന്നത് ഞങ്ങൾ കേട്ടു. അങ്ങനെ ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. ഞങ്ങളുടെ രക്ഷിതാവേ, അതിനാൽ ഞങ്ങളുടെ പാപങ്ങൾ നീ ഞങ്ങൾക്ക് പൊറുത്തു തരേണമേ, ഞങ്ങളുടെ തിന്മകൾ നീ ഞങ്ങളിൽ നിന്ന് മായ്ച്ചുകളയേണമേ, പുണ്യവാളന്മാരുടെ കൂട്ടത്തിലായി നീ ഞങ്ങളെ മരിപ്പിക്കുകയും ചെയ്യേണമേ."[35]

അതുപോലെ ഗുഹയിൽ അകപ്പെട്ടുപോയ മൂന്നുപേരുടെ കഥയിലും ഇത് നമുക്ക് കാണാം. അവർ മൂന്നുപേരും തങ്ങൾ ചെയ്ത സൽകമ്മങ്ങൾ മുൻനിർത്തി അല്ലാഹുവോട് പ്രാർത്ഥിച്ചപ്പോൾ ഗുഹാമുഖം അവക്കായി തുറക്കപ്പെടുകയുണ്ടായി.[36]

---

33 മറിയം :4
34 അംബിയാഅ് : 87
35 ആലി ഇംറാൻ : 193
36 ബുഖാരി 4/369, 370(ഫത്ഹുൽബാരി)

എതിർ വാദക്കാർ തെളിവായി ഉന്നയിച്ച രണ്ടു ഖുർആൻ സൂക്തങ്ങളിലും കാണുന്നത് ഈ തവസ്സുലാണ്. അതായത് സൽക്കർമ്മങ്ങൾ മുഖേന അല്ലാഹുവിൻെറ സാമീപ്യം തേടുക എന്ന തവസ്സുൽ.

4. സച്ചരിതരായ വ്യക്തികളുടെ പ്രാർത്ഥന മുഖേന അല്ലഹുവിൻെറ സാമീപ്യം തേടുക. സദ്വൃത്തനായി ജീവിക്കുന്നു എന്നു മനസ്സിലാക്കപ്പെടുന്ന ഒരാളോട് എനിക്ക്വേണ്ടി നീ അല്ലാഹുവോട് പ്രാർത്ഥിക്കണമെന്ന് ആവശ്യപ്പെടുക എന്നർത്ഥം. നബി(സ) തൻെറ അനുചരന്മാരിൽ ചിലരോട് 'എൻെറ സഹോദരാ, നിൻെറ പ്രാർത്ഥനയിൽ നീ ഞങ്ങളെ മറക്കരുതേ'[37] എന്നു പറഞ്ഞത് ഈ ഇനത്തിൽ പെടുന്നു. അതുപോലെ സ്വഹാബികൾ നബിതിരുമേനിയോടും, അവർ പരസ്പരവും അവർക്കുവേണ്ടി പ്രാർത്ഥിക്കാൻ ആവശ്യപ്പെടാറുണ്ടായിരുന്നു.

## നിഷിദ്ധമായ തവസ്സുൽ

സൃഷ്ടികളുടെ ദാത്ത്കൊണ്ടോ, ഹഖ്, ജാഹ്കൊണ്ടോ തവസ്സുൽ ചെയ്യുന്നത് നിഷിദ്ധമാണ്. അഥവാ, ഇന്ന മനുഷ്യനെ മുൻനിർത്തി അല്ലെങ്കിൽ അയാളുടെ ഹഖ്കൊണ്ടോ ജാഹ്കൊണ്ടോ നിന്നോട് ഞാൻ തേടുന്നു എന്ന് പ്രാർത്ഥിക്കുക. ഇത് മരിച്ചവരെ കൊണ്ടായാലും ജീവിക്കുന്നവരെക്കൊണ്ടായാലും ഹറാമും ബിദ്അത്തുമാണ്. ശിർക്കിലേക്ക് എത്തിക്കുന്ന കാര്യങ്ങളിൽ പെട്ടതുമാണ്.

ആരാധനയിൽ പെട്ട ഏതെങ്കിലും കാര്യങ്ങൾ മുഖേനയാണ് തവസ്സുലാക്കപ്പെടുന്നവൻെറ പൊരുത്തം തേടുന്നതെങ്കിൽ അത് കടുത്ത ശിർക്കാണ്. അത്തരം ശിർക്കിൽ പെട്ടതാണ് ഔലിയാക്കൾക്കായി ബലിയർപ്പിക്കുക, ജാറത്തിലേക്ക് നേർച്ചയാക്കുക, ഖബറാളികളെ വിളിച്ചുതേടുക, അവരോട് സഹായമർത്ഥിക്കുക, മുതലായ കാര്യങ്ങൾ.

---

37 അബൂദാവൂദ് 1498, അദ്ധ്യായം നമസ്കാരം.

ഇത്തരുണത്തിൽ അല്ലാഹു മുസ്‌ലിംകൾക്ക് അവരുടെ മതത്തെക്കുറിച്ച് സൂക്ഷ്മജ്ഞാനം പ്രദാനം ചെയ്യട്ടെ എന്ന്നാം പ്രാർത്ഥിക്കുകയാണ്. അവരിലെ വഴികെട്ടവരെ അവൻ സന്മാർഗ്ഗത്തിലാക്കട്ടെ, അവരുടെ ശത്രുക്കൾക്കെതിരിൽ അവൻെറ സഹായം ഉണ്ടാവട്ടെ.

## 9-ഹദീസിൽ തെളിവുണ്ട് ?

ഒമ്പത്: തങ്ങൾക്കനുകൂലമായി രേഖ നൽകുന്നു എന്ന് ചില ഹദീസുകളെപ്പറ്റി തെറ്റുധരിച്ചതാണ് സംശയത്തിൻെറ മറ്റൊരു കാരണം അതിൽ പെട്ടതാണ് ഉസ്മാൻ ബിൻ ഹനീഫിൽ നിന്നും ഉദ്ധരിക്കപ്പെടുന്ന ഒരു സംഭവം : കണ്ണുപൊട്ടനായ ഒരു മനുഷ്യൻ നബി (സ) യുടെ അടുത്തു വന്നു. അദ്ദേഹം പറഞ്ഞു: എനിക്ക് ശമനത്തിനായി അല്ലാഹുവോട് താങ്കൾ പ്രാർത്ഥിക്കണം. നബി തിരുമേനി പറഞ്ഞു: പ്രാർത്ഥിക്കാം പക്ഷെ നീ ക്ഷമിക്കുകയാണ് നിനക്ക് ഉത്തമം . അയാൾ വീണ്ടും പറഞ്ഞു താങ്കൾ പ്രാർത്ഥിക്കണം. അപ്പോൾ നബി(സ) അദ്ദേഹത്തോട് കൽപിച്ചു; ശരിയാംവണ്ണം അംഗശുദ്ധി വരുത്തി ഇപ്രകാരം പ്രാർത്ഥിക്കുക "അല്ലാഹുവേ നിന്നോട് ഞാൻ ചോദിക്കുകയാണ്; കാരുണ്യദൂതനായ നിൻെറ പ്രവാചകൻ മുഹമ്മദ് മുഖേന . എൻെറ ഈ ആവശ്യം നിവർത്തിയാകാൻ വേണ്ടി അദ്ദേഹം മുഖേന എൻെറ നാഥന് നേരെ ഞാൻ മുഖം തിരിച്ചിരിക്കുന്നു. അല്ലാഹുവേ എൻെറ പ്രശ്നത്തിൽ അദ്ദേഹത്തിൻെറ ശുപാർശ നീ സ്വീകരിക്കേണമേ[38]

ഉത്തരം ഈ ഹദീസ് കുറ്റമറ്റതാണ് എന്നുവെക്കുക. എന്നാൽ തന്നെ മരിച്ചവരോടോ സന്നിഹിതരല്ലാത്തവരോടോ തവസ്സുൽ ചെയ്യുന്നതിനനുകൂലമായ ഒരു രേഖയും ഈ ഹദീസിലില്ല. ഇതിൽ പരാമർശിച്ചത് തർക്കമില്ലാത്ത കാര്യമാണ്. തൻെറ സാന്നിദ്ധ്യത്തിൽ തനിക്കുവേണ്ടി അല്ലാഹുവോട് പ്രാർത്ഥിക്കണമെന്ന് അന്ധൻ നബി(സ)യോട്

38 തിർമിദി : 3573

ആവശ്യപ്പെടുകയാണിവടെ. ഇത് അനുവദനീയമായ കാര്യമാണ്. സദ്‌വൃത്തനായി ജീവിച്ചിരിക്കുന്ന ഒരാളോട് തനിക്കുവേണ്ടി അല്ലാഹുവോട് പ്രാർത്ഥിക്കണമെന്ന് ആവശ്യപ്പെടുന്നതിൽ യാതൊരു തെറ്റുമില്ല. തന്റെ കാര്യത്തിൽ നബി(സ) യുടെ ശുപാർശ സ്വീകരിക്കേണമേ എന്ന് അല്ലാഹുവോട് പ്രാർത്ഥിക്കാനാണ് നബി(സ) അയാളോട് കൽപിച്ചത്. അല്ലാഹുവോട് മാത്രമേ ശമനവും ശുപാർശയും തേടാൻ പാടുള്ളൂ എന്നാണ് ഈ സംഭവം വ്യക്തമാക്കുന്നത്. അതിൽ കൂടുതലൊന്നും ഈ ഹദീസിലില്ല. മരിച്ചവരെയും സന്നിഹിതരല്ലാത്തവരെയും വിളിച്ചുതേടുവാനോ സൃഷ്ടികളുടെ സത്തകൊണ്ട് തവസ്സുൽ ചെയ്യാനോ ഇത് തെളിവല്ല.

ഇവർ ഉദ്ധരിക്കാറുള്ള മറ്റൊരു ഹദീസ് ഇങ്ങനെയാണ്. നബി(സ) പറഞ്ഞു: എന്റെ ജാഹ്കൊണ്ട് നിങ്ങൾ തവസ്സുൽ ചെയ്യുക. എന്റെ ജാഹ് അല്ലാഹുവിങ്കൽ മഹത്വമേറിയതാണ്."

ഇത് നബി(സ)യുടെ മേൽ കെട്ടിയുണ്ടാക്കിയ കള്ളഹദീസാണ്. ശൈഖുൽ ഇസ്‌ലാം ഇബ്നുതൈമിയ തന്റെ ഫതാവയിൽ അത് വിശദീകരിച്ചിട്ടുണ്ട്[39]

## 10- കഥകളും സ്വപ്നങ്ങളും

ഒമ്പത്: മറ്റൊരു തെളിവ് ചില കഥകളും സ്വപ്നങ്ങളുമാണ്. ഇന്നയാൾ ജാറത്തിൽ ചെന്നതിന്റെ ഫലമായി അതുണ്ടായി, ഇതുണ്ടായി. മറ്റവൻ സ്വപ്നത്തിൽ അങ്ങനെ കണ്ടു, ഇങ്ങനെ കണ്ടു, എന്നിങ്ങനെയുള്ള പ്രചാരണം. പലരും ഉദ്ധരിക്കാറുള്ള ഒരു കഥയുണ്ട്. അതിങ്ങനെയാണ്: അത്ബീ എന്നയാൾ പറയുന്നു: ഞാൻ നബി(സ) യുടെ ഖബറിന്നരികെ ഇരിക്കുകയായിരുന്നു. അപ്പോൾ ഗ്രാമീണനായ ഒരു അറബി വന്നു. അയാൾ നബി(സ)ക്ക് സലാം ചൊല്ലിയ ശേഷം പറഞ്ഞു: അല്ലാഹുവിന്റെ ദൂതരെ, അല്ലാഹുപറഞ്ഞിട്ടുണ്ടല്ലോ;

39 മജ്മൂഅ് ഫതാവാ ശൈഖുൽ ഇസ്‌ലാം : 1/319,346

"അവർ അവരോട്‌ തന്നെ അക്രമം ചെയ്‌തപ്പോൾ നിന്റെ അടുത്തുവരികയും എന്നിട്ടവർ അല്ലാഹുവോട്‌ പാപമോചനം തേടുകയും ചെയ്‌തിരുന്നെങ്കിൽ അല്ലാഹുവെ ഏറെ പശ്ചാത്താപം സ്വീകരിക്കുന്നവനും കരുണയുള്ളവനുമായി അവർ കണ്ടെത്തുമായിരിന്നു"[40] എന്ന്‌. ഞാനിതാ പാപമോചനം തേടുന്നവനായി അവിടുത്തെ സന്നിധിയിലേക്ക്‌ വന്നിരിക്കുന്നു. താങ്കൾ എനിക്കുവേണ്ടി എന്റെ രക്ഷിതാവിങ്കൽ ശുപാർശചെയ്യണമെന്ന്‌ ഞാൻ ആവശ്യപ്പെടുന്നു.

തുടർന്ന്‌ നബി(സ)യുടെ ഖബറിനെ പുകഴ്‌ത്തിക്കൊണ്ട്‌ ഒരു കവിത പാടിയശേഷം അയാൾ സ്‌ഥലംവിട്ടു. അപ്പോൾ ഞാൻ അറിയാതെ ഉറങ്ങിയപ്പോകുകയും ഉറക്കത്തിൽ എനിക്ക്‌ സ്വപ്‌നദർശനമുണ്ടാവുകയും ചെയ്‌തു. അതിൽ നബി(സ) എന്നോട്‌ പറയുകയാണ്‌: 'ഓ.. അതബീ.., ആ ഗ്രാമീണനായ അറബിയോട്‌ ചെന്നു സുവാർത്ത അറിയിക്കുക, അല്ലാഹു തന്റെ പാപങ്ങൾ പൊറുത്തിരിക്കുന്നു എന്ന്‌.

<u>ഉത്തരം:</u> ഇത്തരം കഥകളും സ്വപ്‌നങ്ങളും ഒരിക്കലും മതത്തിൽ പ്രമാണങ്ങളല്ല. മതവിശ്വാസങ്ങളും വിധിവിലക്കുകളും അവ മുഖേന സ്‌ഥിരപ്പെടുകയില്ല. ഇവിടെ ഉദ്ധരിക്കപ്പെട്ട ഖുർആൻ സൂക്‌തമാകട്ടെ, മരിച്ചശേഷം നബി(സ)യുടെ ഖബറിടത്തിൽ ചെല്ലാൻ കല്‌പിക്കുകയല്ല. മറിച്ചു നബി(സ)യുടെ ജീവിതകാലത്ത്‌ നബി(സ)യുടെ അടുത്തുവരാനാണ്‌ കല്‌പിക്കുന്നത്‌. കാരണം സ്വഹാബിമാരോ പിൻഗാമികളോ ആരുംതന്നെ നബി(സ)യുടെ മരണശേഷം അവിടുത്തെ ഖബറിങ്കൽ പാപമോചനം തേടിചെന്നിട്ടില്ല. അത്‌ മതത്തിൽ ഉള്ളതായിരുന്നെങ്കിൽ മറ്റാരേക്കാളും മുൻപന്തിയിൽ അവരുണ്ടാകുമായിരുന്നു.

---

40 അന്നിസാഅ്‌: 64

# 11. മുറാദുകൾ ഹാസ്വിലാകുന്നു ?

ജാറത്തിങ്കൽ ചെന്നതിന്റെ ഫലമായി തന്റെ "മുറാദുകൾ ഹാസ്വിലായിട്ടുണ്ട്" എന്നാണ് മറ്റൊരു ന്യായം. അതായത് ഇന്നയാൾ ഇന്ന ജാറത്തിൽപോയി ഇന്ന ശൈഖിനെ വിളിച്ചുപ്രാർത്ഥിച്ചു, അഥവാ ഇന്ന 'ഔലിയ'യോട് തേടി തദ്ഫലമായി അയാളുടെ ഉദ്ദേശ്യങ്ങൾ നിറവേറി എന്നിങ്ങനെയുള്ള പ്രചാരണം.

<u>മറുപടി</u> ആഗ്രഹസഫലീകരണം ഉണ്ടാകുന്നുവെന്നത് ഒരിക്കലും അവർ ചെയ്യുന്ന ശിർക്ക് അനുവദനീയമാണെന്നതിന്റെ തെളിവല്ല. ചിലപ്പോൾ അവന്റെ വിധിയുമായി യാദൃച്ഛികമായി ആകാര്യം ഒത്തുവന്നതാകാം. എന്നിട്ട് ശൈഖിനോട് പ്രാർത്ഥിച്ചതിന്റെ ഫലമാണതെന്നവൻ തെറ്റിദ്ധരിക്കുകയാണ്. അല്ലെങ്കിൽ തനിക്കതൊരു പരീക്ഷണമായേക്കാം. എന്തുതന്നെയായാലും അല്ലാഹു അല്ലാത്തവരോടുള്ള പ്രാർത്ഥന അനുവദനീയമാണെന്നതിന് അതൊന്നും രേഖയല്ല.[41]

ചുരുക്കത്തിൽ തങ്ങൾ ചെയ്യുന്ന ബഹുദൈവാരാധനാ പരമായ പ്രവർത്തനത്തിനൊന്നും മുശ്‌രിക്കുകൾക്ക് പ്രബലമായ ഒരു പ്രമാണവും ഇല്ല. അല്ലാഹു പറഞ്ഞതാണവരുടെ അവസ്ഥ:

وَ مَنْ يَدْعُ مَعَ اللّٰهِ اِلٰهًا آخَرَ لَا بُرْهَانَ لَهُ

"വല്ലവനും അല്ലാഹുവോടൊപ്പം മറ്റുവല്ല ദൈവങ്ങളെയും വിളിച്ചു പ്രാർത്ഥിക്കുന്നുവെങ്കിൽ അതിന് അവരുടെ പക്കൽ യാതൊരു പ്രമാണവും ഇല്ലതന്നെ."[42]

---

41 അമ്പലത്തിലും ചർച്ചുകളിലും മറ്റും പോയി നേർച്ച വഴിപാടുകൾ നടത്തുന്നവർക്കും ആഗ്രഹസഫലീകരണമുണ്ടാകാറുണ്ടല്ലോ. (വിവ.)

42 അൽ മുഅ്മിനൂൻ : 117

അതെ, ബഹുദൈവാരാധനക്ക് നിലനിൽക്കാനാവശ്യമായ യാതൊരു പ്രമാണവും രേഖയും ലഭ്യമല്ല. ഏകദൈവാരാധനയാകട്ടെ ഖണ്ഡിതവും സുവ്യക്തവുമായ പ്രമാണത്തിലും രേഖയിലും അതിഷ്ഠിതമാണ്. അല്ലാഹുവിൻെറ വചനം ശ്രദ്ധിക്കുക:

أَفِي اللَّهِ شَكٌّ فَاطِرِ السَّمٰوَاتِ وَ الْأَرْضَ

"ആകാശ ഭൂമികളുടെ സ്രഷ്ടാവായ അല്ലാഹുവിലാണോ നിങ്ങൾക്ക് സംശയം.?[43]

يَا أَيُّهَا النَّاسُ اعْبُدُوا رَبَّكُمُ الَّذِي خَلَقَكُمْ وَ الَّذِينَ مِنْ قَبْلِكُمْ لَعَلَّكُمْ تَتَّقُونَ. الَّذِي جَعَلَ لَكُمُ الْأَرْضَ فِرَاشًا وَ السَّمَاءَ بِنَاءً وَ أَنْزَلَ مِنَ السَّمَاءِ مَاءً فَأَخْرَجَ بِهِ مِنَ الثَّمَرَاتِ رِزْقًا لَكُمْ فَلَا تَجْعَلُوا لِلَّهِ أَنْدَادًا وَ أَنْتُمْ تَعْلَمُونَ.

മനുഷ്യരെ, നിങ്ങളെയും നിങ്ങൾക്ക് മുമ്പുള്ളവരെയും സൃഷ്ടിച്ച നിങ്ങളുടെ രക്ഷിതാവിനെ നിങ്ങൾ ആരാധിക്കുവിൻ. നിങ്ങൾസൂക്ഷ്മതയുള്ളവരായേക്കാം. ഭൂമിയെ നിങ്ങൾക്കൊരു വിരിപ്പും ആകാശത്തെ ഒരെടുപ്പുമാക്കിയവൻ. ആകാശത്തുനിന്നവൻ വെള്ളം ഇറക്കുകയും അത്വഴി ഫലങ്ങൾ നിങ്ങൾക്ക് അന്നമായി നല്കുകയും ചെയ്തവൻ. അവന് നിങ്ങൾ പങ്കാളികളെ ഉണ്ടാക്കരുത്. അറിഞ്ഞുകൊണ്ട്.[44]

## സൂഫികളുടെ വാദം

ഇഹലോകത്തോടുള്ള താല്പര്യവും അത് നേടിയെടുക്കുന്നതിൽ വ്യാപൃതനാകലുമാണ് ശിർക്ക് എന്ന് ചില കടുത്ത സൂഫികളും അവരുടെ അനുയായികളും വാദിക്കാറുണ്ട്.

43 ഇബ്റാഹിം : 10
44 അൽബഖറ:21,22

<u>മറുപടി.</u> ജാറപ്പൂജ, ശൈഖന്മാരെപ്പറ്റിയുള്ള അതിരുവിട്ട വിശ്വാസം തുടങ്ങി തങ്ങൾ അകപ്പെട്ടിരിക്കുന്ന കൊടിയ ശിർക്കിനെ മൂടിവെക്കാൻ വേണ്ടി എഴുന്നള്ളിക്കുന്ന ഒരു വാദം മാത്രമാണിത്. അനുവദനീയമായ മാർഗത്തിൽ ഭൗതിക സൗകര്യങ്ങൾ തേടിപ്പിടിക്കുന്നത് അല്ലാഹു നിർദ്ദേശിച്ച കാര്യമാണ്. അല്ലാഹുവിന് വഴിപ്പെട്ട് ജീവിക്കാനുള്ള ഒരു സഹായമാകണം എന്ന സദുദ്ദേശ്യത്തോടെയാണെങ്കിൽ ആ കാര്യം ആരാധനയുമാണ്.

## സമാപനം

ചുരുക്കത്തിൽ അക്രമങ്ങളിൽ വെച്ച് ഏറ്റവും കടുത്ത അക്രമം ശിർക്ക് (ബഹുദൈവാരാധന) തന്നെയാണ്. അല്ലാഹു പറയുന്നു: إِنَّ الشِّرْكَ لَظُلْمٌ عَظِيمٌ

തീർച്ചയായും "ശിർക്ക്" വലിയ അക്രമം തന്നെയാണ്."[45]

* ശിർക്ക് ചെയ്തവനായി മരണപ്പെടുന്നവന് അല്ലാഹുവിൽ നിന്നുള്ള പാപമോചനം സിദ്ധിക്കുകയില്ല. അല്ലാഹു പറയുന്നു.

إِنَّ اللَّهَ لَا يَغْفِرُ أَنْ يُشْرَكَ بِهِ وَ يَغْفِرُ مَا دُونَ ذَٰلِكَ لِمَنْ يَشَاءُ

തന്നോട് പങ്കുചേർക്കപ്പെടുന്നത് അല്ലാഹു ഒരിക്കലും പൊറുക്കുകയില്ല. അതൊഴിച്ചുള്ളതെല്ലാം അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കുന്നതാണ്.[46]

* ശിർക്ക് ചെയ്യുന്നവന് എന്നന്നേക്കുമായി സ്വർഗ്ഗം നിഷിദ്ധമാണെന്ന് അല്ലാഹു അറിയിക്കുന്നു.

---
45 ലുഖ്മാൻ : 13
46 അന്നിസാഅ് : 48

اِنَّهُ مَنْ يُشْرِكْ بِاللّٰهِ فَقَدْ حَرَّمَ اللّٰهُ عَلَيْهِ الْجَنَّةَ وَ مَأْوَاهُ النَّارُ

അല്ലാഹുവിനോട് വല്ലവനും പങ്കുചേർക്കുന്നപക്ഷം തീർച്ചയായും അല്ലാഹു അവന് സ്വർഗം നിഷിദ്ധമാക്കുന്നതാണ്. നരകം അവൻെറ വാസസ്ഥലമായിരിക്കുകയും ചെയ്യും.[47]

* ശിർക്ക് ചെയ്യുന്നവൻ മലിനപ്പെട്ടവനത്രെ. മക്കയിലെ പവിത്രമായ പ്രദേശത്ത് (ഹറം) അവന് പ്രവേശനമില്ല. അല്ലാഹു പറയുന്നു.

يَا أَيُّهَا الَّذِينَ آمَنُوا اِنَّمَا الْمُشْرِكُونَ نَجَسٌ فَلاَ يَقْرَبُوا الْمَسْجِدَ الْحَرَامَ بَعْدَ عَامِهِمْ هٰذَا

"സത്യവിശ്വാസികളെ, ബഹുദൈവവിശ്വാസികൾ അശുദ്ധർ തന്നെയാകുന്നു. അതിനാൽ അവർ ഈ കൊല്ലത്തിന് ശേഷം മസ്ജിദുൽ ഹറാമിനെ സമീപിക്കരുത്."[48]

* ശിർക്ക് ചെയ്യുന്നവൻെറ രക്തവും ധനവും പവിത്രമായി ഗണിക്കപ്പെടുകയില്ല. അല്ലാഹു പറയുന്നു.

فَاِذَا انْسَلَخَ الأَشْهُرُ الْحُرُمُ فَاقْتُلُوا الْمُشْرِكِينَ حَيْثُ وَجَدْتُمُوهُمْ وَخُذُوهُم وَاحْصُرُوهُمْ
وَ اقْعُدُوا لَهُمْ كُلَّ مَرْصَدٍ فَاِنْ تَابُوا وَ أَقَامُوا الصَّلاَةَ وَ آتُوا الزَّكَاةَ فَخَلُّوا سَبِيلَهُمْ

അങ്ങനെ വിലക്കപ്പെട്ട മാസങ്ങൾ കഴിഞ്ഞാൽ ആ ബഹുദൈവവിശ്വാസികളെ നിങ്ങൾ കണ്ടെത്തിയേടത്ത് വെച്ച് കൊന്നുകളയുക. അവരെ പിടികൂടുകയും വളയുകയും പതിയിരിക്കാവുന്നേടത്തെല്ലാം പതിയിരിക്കുകയും ചെയ്യുക. ഇനി അവർ പശ്ചാതപിക്കുകയും നമസ്ക്കാരം മുറപോലെ നിർവ്വഹിക്കുകയും സകാത്ത് നൽകുകയും ചെയ്യുന്നപക്ഷം നിങ്ങൾ അവരുടെ വഴി ഒഴിവാക്കികൊടുക്കുക.[49]

47 അൽ മാഇദ : 72
48 അത്തൗബ : 28
49 അത്തൗബ : 5

* ശിർക്ക് ചെയ്യുന്നവൻ വ്യക്തമായ വഴികേടിലകപ്പെട്ടവനാണ്. കൊടിയ പാപമാണവൻ ചമച്ചുണ്ടാക്കിയത്. ഏകദൈവ വിശ്വാസത്തിന്റെ ഔന്നിത്യത്തിൽ നിന്നവൻ നിലംപൊത്തിയിരിക്കുന്നു. അല്ലാഹു പറയുന്നു:

وَمَنْ يُشْرِكْ بِاللّهِ فَكَأَنَّمَا خَرَّ مِنَ السَمَاءِ فَتَخْطَفُهُ الطَيْرُ أَوْ تَهْوِي بِهِ الرِيحُ فِي مَكَانٍ سَحِيقٍ

അല്ലാഹുവിൽ വല്ലവനും പങ്കുചേർക്കുന്ന പക്ഷം അവൻ ആകാശത്തുനിന്ന് വീണതുപോലെയാകുന്നു. അങ്ങനെ പക്ഷികൾ അവനെ റാഞ്ചിക്കൊണ്ടു പോകുന്നു. അല്ലെങ്കിൽ കാറ്റ് അവനെ വിദൂര സ്ഥലത്തേക്ക് കൊണ്ടുപോയിതള്ളുന്നു.[50]

* ശിർക്ക് ചെയ്യുന്നവരുമായി വിവാഹ ബന്ധങ്ങൾ നിഷിദ്ധമാണ്. അല്ലാഹു പറയുന്നു.

وَلَا تَنْكِحُوا الْمُشْرِكَاتِ حَتَى يُؤْمِنَّ وَلأَمَةٌ مُؤْمِنَةٌ خَيْرٌ مِنْ مُشْرِكَةٍ وَلَوْ أَعْجَبَتْكُمْ
وَلَا تُنْكِحُوا الْمُشْرِكِينَ حَتَى يُؤْمِنُوا وَلَعَبْدٌ مُؤْمِنٌ خَيْرٌ مِنْ مُشْرِكٍ وَلَوْ أَعْجَبَكُمْ.

(സത്യവിശ്വാസികളെ) ബഹുദൈവ വിശ്വാസിനികളെ അവർ വിശ്വസിക്കുന്നത് വരെ നിങ്ങൾ വിവാഹം കഴിക്കരുത്. സത്യവിശ്വാസിനിയായ ഒരു അടിമസ്ത്രീയാണ് ബഹുദൈവവിശ്വാസിനിയെക്കാൾ നല്ലത്. അവൾ നിങ്ങൾക്ക് (എത്രതന്നെ) കൗതുകം ജനിപ്പിച്ചാലും ശരി. ബഹുദൈവ വിശ്വാസികൾക്ക്-അവർ വിശ്വസിക്കുന്നത് വരെ - നിങ്ങൾ വിവാഹം കഴിപ്പിച്ചു കൊടുക്കുകയും ചെയ്യരുത്. സത്യവിശ്വാസിയായ ഒരടിമയാണ് ബഹുദൈവ വിശ്വാസിയേക്കാൾ നല്ലത്. അവൻ നിങ്ങൾക്കെത്ര കൗതുകം ജനിപ്പിച്ചാലും ശരി.[51]

---

50 അൽ ഹജ്ജ് : 31

51 അൽ ബഖറ :221. (മാഇദ:5 കൂടി നോക്കുക.)

* ശിർക്ക് ചെയ്യുന്നവൻെറ ഒരു കർമ്മവും അല്ലാഹുവിങ്കൽ സ്വീകാര്യമല്ല. അവൻ ചെയ്യുന്ന ആരാധനാകർമ്മങ്ങളെല്ലാം നിഷ്ഫലമാണ്. അല്ലാഹു പറയുന്നു.

وَلَقَدْ أُوحِيَ اِلَيْكَ وَ اِلَى الَّذِينَ مِنْ قَبْلِكَ لَئِنْ اَشْرَكْتَ لَيَحْبَطَنَّ عَمَلُكَ وَ لَتَكُونَنَّ مِنَ الْخَاسِرِينَ.

തീർച്ചയായും നിനക്കും നിനക്ക് മുമ്പുള്ളവർക്കും സന്ദേശം നല്കപ്പെട്ടത് ഇതത്രെ, അല്ലാഹുവിന് നീ പങ്കാളികളെ ചേർക്കുന്ന പക്ഷം തീർച്ചയായും നിൻെറ കർമ്മം നിഷ്ഫലമായിപ്പോകുകയും തീർച്ചയായും നീ നഷ്ടക്കാരുടെ കൂട്ടത്തിൽ ആകുകയും ചെയ്യും.52

وَلَوْ اَشْرَكُوا لَحَبِطَ عَنْهُمْ مَا كَانُوا يَعْمَلُونَ.

"അവർ ശിർക്ക് ചെയ്തിരുന്നെങ്കിൽ അവർ പ്രവർത്തിച്ചിരുന്നതെല്ലാം അവരെ സംബന്ധിച്ചിടത്തോളം നിഷ്ഫലമായിപ്പോകുമായിരുന്നു."53

ശിർക്കിൽ നിന്നും സന്ദേഹങ്ങളിൽ നിന്നും, അല്ലാഹുവേ ഞങ്ങൾ നിന്നോട് ശരണം തേടുന്നു. സമ്പത്തിലും സന്താനങ്ങളിലും കുടുംബങ്ങളിലും ധർമ്മച്യുതിയും അനിഷ്ടകരമായ മാറ്റങ്ങളും കാണുന്നതിനെതൊട്ടും ഞങ്ങൾ നിന്നോട് കാവൽ തേടുന്നു. അല്ലാഹുവേ സത്യം സത്യമായി ഞങ്ങൾക്ക് നീ കാണിച്ചു തരേണമേ. അതിനെ പിന്തുടരുന്നവരാക്കേണമേ. അസത്യം അസത്യമായി ഞങ്ങൾക്ക് നീ കാണിച്ചുതരേണമേ. അതിനെ കൈവെടിയുന്നവരാക്കുകയും ചെയ്യേണമേ.

سُبْحَانَ رَبِّكَ رَبِّ الْعِزَّةِ عَمَّا يَصِفُونَ . وَ سَلَامٌ عَلَى الْمُرْسَلِينَ وَ الْحَمْدُ لِلّٰهِ رَبِّ

---
52 അസ്സുമർ : 65
53 അൽ അൻആം : 88

പ്രതാപത്തിൻെറ നാഥനായ നിൻെറ രക്ഷിതാവ് അവർ ചമച്ചുപറയുന്നതിൽനിന്നെല്ലാം എത്ര പരിശുദ്ധൻ! ദൂതന്മാർക്ക് സമാധാനം. ലോകരക്ഷിതാവായ അല്ലാഹുവിനു സ്തുതി.[54]

سُبْحَانَهُ وَ تَعَالَى عَمَّا يُشْرِكُونَ

അവർ പങ്കുചേർക്കുന്നതിൽ നിന്നെല്ലാം അല്ലാഹു എത്രയോ പരിശുദ്ധനത്രെ![55]

سُبْحَانَهُ وَ تَعَالَى عَمَّا يَقُولُونَ عُلُوًّا كَبِيرًا .

അവൻ എത്ര പരിശുദ്ധൻ! അവർ പറഞ്ഞുണ്ടാക്കുന്നതിൽ നിന്നെല്ലാം ഉപരിയായി അവൻ വലിയ ഔന്നിത്യം പ്രാപിച്ചിരിക്കുന്നു.[56]

വിവർത്തനം : എൻ.വി. സകരിയ്യ, അരീക്കോട്

وصلى الله على نبينا محمد و آله و صحبه أجمعين.

---

54 അസ്സ്വാഫ്ഫാത്ത് : 180 – 182

55 നഹ്ൽ 1

56 അൽ ഇസ്റാഅ് : 43

# بيان حقيقة التوحيد

## الذي جاء به الرسل و دحض الشبهات التي أثيرت حولها

(المليبارية)

فضيلة الشيخ صالح بن فوزان بن عبد الله الفوزان

ترجمة : محمد زكريا ، اريكوت

# بيان حقيقة التوحيد

## الذي جاء به الرسل ودحض الشبهات التي أثيرت حولها

فضيلة الشيخ

**صالح بن فوزان بن عبدالله الفوزان**

مليباري - ٢٦٩

ترجمة

**محمد زكريا ، أريكوت**

The Co-operative office for Call & foreigners Guidance at Sultanah


المكتب التعاوني للدعوة والإرشاد وتوعية الجاليات بسلطانة
تحت إشراف وزارة الشؤون الإسلامية والأوقاف والدعوة والإرشاد
E mail : Sultanah22@hotmail.com بريد إلكتروني